പ്രകൃതി ദുരന്തം മൂലം കേരളത്തിലെ പരിസ്ഥിതി-ജൈവ -ആവാസവ്യവസ്ഥകൾക്കുണ്ടായിട്ടുള്ള ആഘാത പഠനം



പഠന സഹായി

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

സെപ്റ്റംബർ 2018

പ്രകൃതി ദുരന്തം മൂലം കേരളത്തിലെ പരിസ്ഥിതി-ജൈവ -ആവാസവ്യവസ്ഥകൾക്കുണ്ടായിട്ടുള്ള ആഘാത പഠനം

പഠന സഹായി

കേരള സംസ്ഥാന ജൈവ
വൈവിധ്യ ബോർഡ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലോക്കൽ അഡ്മിനിസ്ട്രേഷൻ

സെപ്റ്റംബർ 2018

പ്രസിദ്ധീകരണം :

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

സെപ്റ്റംബർ 2018

Publication :

Kerala State Biodiversity Board

September 2018

തയ്യാറാക്കിയത്

KERALA STATE BIODIVERSITY BOARD

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

എൽ-14, ജയ് നഗർ, മെഡിക്കൽ കോളേജ് പി.ഒ.

തിരുവനന്തപുരം - 695 011

ഫോൺ - 0471-2554740

വെബ്സൈറ്റ് - www. keralabiodiversity.org

ഇ-മെയിൽ- keralabiodiversity@gmail.com

KILA

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ - 680 581

ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312, (ഡെപ്യൂട്ടി ഡയറക്ടർ) 2207002

ഫാക്സ് : 0487-2201062

ഇ-മെയിൽ : info@kila.ac.in

Web site : www.kila.ac.in

ഉള്ളടക്കം

നമ്പർ	ഉള്ളടക്കം	പേജ് നം
	പ്രസാധക കുറിപ്പ്	
	അവതാരിക	
1.0	ആമുഖം	1
2.0	ജൈവവൈവിധ്യ ഉടമ്പടി	1
3.0	ജൈവവൈവിധ്യ നിയമം - ത്രിതല സംവിധാനം	1-2
4.0	പഠന പശ്ചാത്തലം	2
5.0	മുന്നൊരുക്കം	2-3
5.1	വിദഗ്ദതല യോഗം	2-3
5.2	പഠന സഹായി തയ്യാറാക്കൽ	3
6.0	പഠനപ്രദേശം	3
7.0	പഠന രീതിശാസ്ത്രം	3
7.1	വിവരസ്രോതസ്സ്	3
7.2	ഉപാധി	3-4
7.3	വിവരശേഖരണ തലം/രീതി	4
7.3.1	തദ്ദേശഭരണ സ്ഥാപനതലം	4
7.3.2	ഫീൽഡ് തലം	5
7.4	കാലയളവ്/ദൈർഘ്യം	5
8.0	പ്രധാന പ്രവർത്തനങ്ങൾ	5
8.1	ജില്ലാതല ശില്പശാല	5-6
8.2	തദ്ദേശഭരണ സ്ഥാപനതല ബി.എം.സി.- ശില്പശാല	6-7
8.3	ഫീൽഡ്തല വിവരശേഖരണം	7-8
8.4	ശേഖരിച്ച വിവരങ്ങളുടെ ക്രോഡീകരണവും റിപ്പോർട്ട് തയ്യാറാക്കലും	8
8.4.1	ODK സങ്കേതം പ്രകാരം ശേഖരിച്ചവ	8
8.4.2	വിവരണാത്മക വിവരങ്ങൾ	8-9
8.5	റിപ്പോർട്ട് വിലയിരുത്തൽ ശില്പശാല	9
8.5.1	തദ്ദേശഭരണ സ്ഥാപനതലം (ബി.എം.സി.)	9
8.5.2	ജില്ലാതല ശില്പശാല	10
8.5.3	സംസ്ഥാനതല ക്രോഡീകരണം	10
9.0	സംസ്ഥാനതല റിപ്പോർട്ട് വിലയിരുത്തൽ ശില്പശാലയും സമർപ്പണവും	10
10	പരിശീലനം	10-11
11	പ്രവർത്തന കലണ്ടർ	11
12	ചുമതലകളും ഉത്തരവാദിത്തങ്ങളും	12-13
13	വിവരശേഖരണ ഫോറവും, പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും	17-33
14	അനുബന്ധങ്ങൾ	37-46

പ്രസാധക കുറിപ്പ്

പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നഷ്ടമാകുന്നത് നമുക്ക് ചുറ്റുമുള്ള അതി സമ്പന്നമായ ജൈവവൈവിധ്യമാണ്. ഇതിന്റെ പ്രത്യാഘാതം മനുഷ്യനെ മാത്രമല്ല ജൈവ വൈവിധ്യത്തെയും ആവാസവ്യവസ്ഥയെയും പ്രത്യക്ഷമായും, പരോക്ഷമായും ബാധി ക്കുന്നു. ഈ നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ് 2018 ആഗസ്റ്റ് മാസം കേരളത്തിലുായത്. ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ ഏകദേശ കണക്കുകൾ പ്രാഥമിക തലത്തിൽ ലഭ്യമായിട്ടുങ്കിലും പ്രളയം സൃഷ്ടിച്ച ജൈവവൈവിധ്യ നാശത്തെക്കുറിച്ച് ഒരു ത്വരിത വിലയിരുത്തൽ പഠനം അനിവാര്യമായിരി ക്കുന്നു. ഈ വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകളുടെ നിർദ്ദേശാനുസരണം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രസ്തുത പഠനത്തിന് തുടക്കം കുറിക്കുകയാണ്. പ്രാദേശികതലത്തിൽ നടത്തുന്ന പഠനത്തിന് ജൈവവൈവിധ്യ പരിപാലന സമിതികളാണ് മേൽനോട്ടം വഹിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലാടിസ്ഥാനത്തിൽ ശാസ്ത്രീയമായ പഠനങ്ങൾ തുടർന്ന് വേണ്ടിവരും.

പ്രളയാനന്തരം ജൈവ-ആവാസവ്യവസ്ഥകൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് വേണ്ടി തയ്യാറാക്കിയ ഈ പഠനസഹായിയിൽ, പഠനം നടത്തുന്ന തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വളരെ സരളവും ലളിതവുമായി പ്രതിപാദിച്ചിരിക്കുന്നു. ഈ പഠനത്തിലൂടെ ലക്ഷ്യമിടുന്നത് പ്രകൃതി ദുരന്തത്തിലൂടെ നഷ്ടപ്പെട്ട ജൈവവൈവിധ്യ ത്തിന്റെ ഒരു കണക്കെടുപ്പ് മാത്രമല്ല, മറിച്ച് അത് സൃഷ്ടിച്ച പ്രത്യാഘാതങ്ങളുടെ തോത് നിർണ്ണയിക്കുക, ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ട് ബഹുമുഖ ജൈവവൈവിധ്യ സംര ക്ഷണ തന്ത്രങ്ങളും, നയങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതുകൂടിയാണ്. ഇത്തരത്തിൽ പ്രാദേശികതലത്തിൽ അനുയോജ്യമായ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ജൈവവൈവിധ്യ പരിപാലന സമിതികൾ നേതൃത്വം നൽകു മെന്ന് പ്രത്യാശിക്കുന്നു.

29 സെപ്റ്റംബർ 2018

ഡോ. എസ്.സി. ജോഷി IFS (Retd.)
ചെയർമാൻ, കെ.എസ്.ബി.ബി.

അവതാരിക

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലോകമെമ്പാടും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളവും ആയതിന്റെ പ്രത്യാഘാതം മൂലമുണ്ടായ ദുരന്തത്തിന് ഇരയായി. 2018 ഓഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ പ്രകൃതിദുരന്തം നമ്മുടെ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിച്ചു. അതിനെ അതിജീവിക്കുവാൻ നമ്മൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലൊ. ഈ അവസരത്തിൽ കേരളത്തിൽ പരിസ്ഥിതി-ജൈവ-ആവാസവ്യവസ്ഥകൾക്ക് ഉണ്ടായിട്ടുള്ള ആഘാത പഠനം നടത്തുവാൻ സർക്കാർ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് നിർദ്ദേശം നൽകുകയുണ്ടായി. ജൈവവൈവിധ്യ ബോർഡിന്റെ പ്രസ്തുത ഉദ്യമത്തിൽ കൈകോർക്കാൻ കഴിഞ്ഞതിൽ കിലക്ക് അഭിമാനമുണ്ട്.

പഠനത്തിന്റെ ഭാഗമായി വിവരശേഖരണം നടത്തുന്ന റിസോഴ്സ് ടീമിനുള്ള പരിശീലന പരിപാടിയുടെ ഉപാധിയാണ് ഈ പഠന സഹായി. ഈ പഠനത്തിലൂടെ ജൈവവൈവിധ്യ മേഖലയെ തിരികെ കൊണ്ടുവരുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികളെ പ്രാപ്തരാക്കാൻ കഴിയും എന്നു പ്രത്യാശിക്കുന്നു. ഈ പഠന സഹായി തയ്യാറാക്കുന്നതിൽ പ്രവർത്തിച്ച കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി.) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ടീമിന് പ്രത്യേക അഭിനന്ദനങ്ങൾ!

29 സെപ്റ്റംബർ 2018

ഡോ. ജോയ് ഇളമൺ,
ഡയറക്ടർ, കില

പ്രകൃതി ദുരന്തം മൂലം കേരളത്തിലെ പരിസ്ഥിതി-ജൈവ-ആവാസ വ്യവസ്ഥകൾക്കുണ്ടായിട്ടുള്ള ആഘാത പഠനം

1. ആമുഖം

ജൈവവൈവിധ്യം ഭൂമിയുടെ നിലനിൽപ്പിന് ഒരു നിർണായക ഘടകമായി കണക്കാക്കപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ആവാസ വ്യവസ്ഥകളുടെ നാശനഷ്ടം, അശാസ്ത്രീയവും അനിയന്ത്രിതവുമായ ചൂഷണം, മലിനീകരണം, കാലാവസ്ഥാ വ്യതിയാനം, അധിനിവേശ സസ്യ-ജന്തുജാലങ്ങളുടെ വ്യാപനം, എന്നിവ കാരണം ജൈവവൈവിധ്യത്തിന് സാരമായ നാശനഷ്ടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ദുഃഖകരമായ സ്ഥിതിവിശേഷമാണ് ഇന്ന് നിലവിലുള്ളത്.

2. ജൈവവൈവിധ്യ ഉടമ്പടി

ജൈവവൈവിധ്യം ഭൂമിയുടെ ജീവനാഡിയും അടിത്തറയുമാണ്. 1988 ൽ യു.എൻ.ഇ.പി (United Nations Environment Programme) യുടെ ഗവേണിംഗ് കൗൺസിലാണ് ജൈവവൈവിധ്യ കരാർ എന്ന ആശയത്തിന് രൂപം നൽകിയത്. പ്രസ്തുത ആശയങ്ങളെ ആസ്പദമാക്കിയാണ് അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടി (Convention on Biological Diversity - CBD) 1991 ൽ അംഗീകരിപ്പെട്ടത്. തുടർന്ന് 1992 ജൂണിൽ ബ്രസീലിൽ നടന്ന അന്താരാഷ്ട്ര ഭൗമ ഉച്ചകോടിയിൽ അന്തിമ അംഗീകാരം ലഭിക്കുകയുണ്ടായി. 1994 ഫെബ്രുവരിയിൽ ഇന്ത്യയും പ്രസ്തുത കരാറിൽ ഒപ്പുവച്ചു. 2002 ൽ ഇന്ത്യൻ പാർലമെന്റ് ജൈവവൈവിധ്യ നിയമം പാസാക്കി. തുടർന്ന് 2004 ൽ ജൈവവൈവിധ്യ ചട്ടങ്ങളും നിലവിൽ വന്നു. ജൈവവൈവിധ്യ നിയമപ്രകാരം 2005 ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകരിക്കുകയും, 2008 ൽ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തു. ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, അതിൽ നിന്ന് ലഭ്യമാകുന്ന നേട്ടങ്ങളുടെ തുല്യവും നീതിപൂർവ്വവും ആയ പങ്കുവെയ്ക്കൽ തുടങ്ങിയവയാണ് ജൈവവൈവിധ്യ നിയമത്തിന്റെ സുപ്രധാന ലക്ഷ്യങ്ങൾ.

3. ജൈവവൈവിധ്യ നിയമം - ത്രിതല സംവിധാനം

ജൈവവൈവിധ്യ നിയമം രാജ്യത്ത് നടപ്പിലാക്കുന്നത് ത്രിതല സംവിധാനത്തിലൂടെയാണ്. ദേശീയതലത്തിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും (National Biodiversity Authority), സംസ്ഥാനതലങ്ങളിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളും (State Biodiversity Boards), പ്രാദേശികതലത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികളുമാണ് (Biodiversity Management Committees) പ്രസ്തുത ത്രിതല സംവിധാനങ്ങൾ. 2012 ൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരി

പാലന സമിതികൾ (ബി.എം.സി.) രൂപീകരിക്കുകയുണ്ടായി. ജൈവവൈവിധ്യ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാദേശികതലത്തിൽ നടപ്പിലാക്കുക എന്നുള്ള കർത്തവ്യങ്ങൾക്ക് ഉപരിയായി പ്രാദേശിക പരിസ്ഥിതി കാവൽസംഘമായി വർത്തിക്കുക എന്ന അധികചുമതല കൂടി സംസ്ഥാനത്തെ ബി.എം.സി-കൾക്ക് സർക്കാർ നൽകിയിട്ടുണ്ട്.

4. പഠന പശ്ചാത്തലം

2018 ആഗസ്ത് മാസം കേരളത്തിലുണ്ടായ പ്രളയം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മനുഷ്യരുടെ ജീവനും സ്വത്തിനും ഉപരിയായി ജൈവ-ആവാസ വ്യവസ്ഥകളുടെ നാശത്തിനും കാരണമായിട്ടുണ്ട്. ഇവ കൃഷി, ഭക്ഷ്യ-ഉൽപാദന മേഖലകളെ (കൃഷി, മൃഗസംരക്ഷണം, വനവൽക്കരണം, മത്സ്യബന്ധനം) സാരമായി ബാധിച്ചിട്ടുണ്ട്. മറ്റു പല മാറ്റങ്ങൾക്കും ഒപ്പം മണ്ണിന്റെ ഊർവ്വരതയ്ക്കും ജൈവഘടനയ്ക്കും ശോഷണം സംഭവിക്കുകയും, ഭൂമിയിൽ വെള്ളം നിലനിർത്താനും സംഭരിക്കാനും ഉള്ള പ്രകൃതിയുടെ സ്വാഭാവിക ശേഷി കുറയുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ജൈവ-ആവാസ വ്യവസ്ഥകളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും സുസ്ഥിര ഉപയോഗത്തിനും അനുയോജ്യമായ ഹ്രസ്വ-ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പ്രകൃതി ദുരന്തം മൂലമുണ്ടായ ജൈവവൈവിധ്യ ആഘാതത്തിന്റെ അടിസ്ഥാന വിവരങ്ങൾ ആവശ്യമാണ്.

ഈ പശ്ചാത്തലത്തിൽ കേരളത്തിലെ കനത്ത മഴ, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മൂലം ജൈവവൈവിധ്യത്തിനുണ്ടായ നാശനഷ്ടങ്ങളെ കുറിച്ച് പഠനം നടത്തുന്നതിന് സംസ്ഥാന ജൈവവൈവിധ്യ ബോർഡിനോടും പ്രാദേശിക തലത്തിൽ പ്രസ്തുത പഠനത്തിന് മേൽനോട്ടം നൽകുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികളോടും (ബി.എം.സി.) ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി.

5. മുന്നൊരുക്കം

5.1 വിദഗ്ദ്ധതല യോഗം

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രസ്തുത പഠനത്തിനാവശ്യമായ സഹായ സഹകരണങ്ങൾ വകുപ്പുതലത്തിൽ കൈക്കൊള്ളുന്നതിന് പരിസ്ഥിതി, തദ്ദേശ സ്വയംഭരണ വകുപ്പുകളോട് അഭ്യർത്ഥിക്കുകയുണ്ടായി. പഠനത്തെ സംബന്ധിച്ച സാങ്കേതിക വശങ്ങൾ ചർച്ച ചെയ്യുന്നതിനായി സംസ്ഥാനത്തെ എല്ലാ പ്രമുഖ കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളിലെയും, അനുബന്ധ സർക്കാർ വകുപ്പുകളിലെയും, സന്നദ്ധ സംഘടന പ്രതിനിധികളും വിഷയ വിദഗ്ദരും ഉൾപ്പെടുന്ന വിദഗ്ദതല യോഗം 2018 സെപ്റ്റംബർ 4 ന് സംഘടിപ്പിച്ചു. ഈ യോഗത്തിൽ ജൈവവൈവിധ്യ ആഘാത പഠനം എപ്രകാരം നടത്തണമെന്നു

ള്ളത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും, പഠനത്തിന് ആസ്പദമായ വിവര ങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു മാതൃകയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. പഠന ത്തിന് സംസ്ഥാനതലത്തിൽ നേതൃത്വം നൽകുന്നതിന് വിവിധ മേഖലകളിൽ നിന്നായി 10 പേരടങ്ങുന്ന വിദഗ്ദരുടെ കോർ കമ്മിറ്റി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാന്റെ അധ്യക്ഷതയിൽ രൂപീകരിച്ചു. കൂടാതെ ജില്ലാതലത്തിൽ സാങ്കേതിക സഹായം നൽകാൻ കഴിയുന്ന ഏകദേശം 100 പേരടങ്ങുന്ന വിദഗ്ദരുടെ പട്ടികയും തയ്യാറാക്കി. 11-09-2018 ന് കോർ കമ്മിറ്റിയുടെ ആദ്യയോഗം ചേരുകയും വിവരശേഖ രണ ഫോറത്തിന്റെ കരട് തയ്യാറാക്കുകയും ചെയ്തു.

5.2 പഠന സഹായി തയ്യാറാക്കൽ

വിവരശേഖരണ സംഘത്തിന് പ്രയോജനപ്രദമാകുംവിധം പഠന സഹായി തയ്യാറാക്കുന്ന തിനായി കിലയുടെ പ്രതിനിധികളുമായി 2018 സെപ്റ്റംബർ 17, 22, 29, 30 തീയതികളി ലായി മൂന്ന് ശില്പശാലകൾ നടത്തി. ഇതിനുപുറമേ കാൻ-ആലപ്പി (CAN-ALPY) വിദ ഗ്ദ്ധരുമായും ODK സങ്കേതം സംബന്ധിച്ച് ചർച്ച നടത്തി. വിവരശേഖരണം നടത്തുന്ന തിനുള്ള നിർദ്ദിഷ്ട ഫോറങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരിശീലന പരിപാടിയും ഉൾക്കൊള്ളുന്നതാണ് പഠന സഹായി.

6. പഠനപ്രദേശം

കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പ്രളയം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ തുട ങ്ങിയ പ്രകൃതി ദുരന്തങ്ങൾ പരിസ്ഥിതി-ജൈവ-ആവാസവ്യവസ്ഥകൾക്ക് കനത്ത ആഘാതമുണ്ടാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പഠനത്തിനായി തെര ഞ്ഞെടുത്തിട്ടുള്ളത്. ഇത്തരത്തിൽ ആകെ 184 തദ്ദേശഭരണ സ്ഥാപനങ്ങൾ പഠന പ്രദേ ശത്തിലുൾപ്പെടുന്നു. പഠന പ്രദേശത്തിന്റെ പട്ടിക **അനുബന്ധം 1 ൽ** കൊടുത്തിരിക്കു ന്നു.

7. പഠന രീതിശാസ്ത്രം:

7.1 വിവരസ്രോതസ്സ്

ഈ പഠനത്തിന് പ്രാഥമികവും (Primary), ദ്വിതീയവും (Secondary) ആയ വിവരസ്രോതസ്സുകളാണ് ഉപയോഗിക്കുന്നത്.

7.2 ഉപാധി

വിവരശേഖരണ ഫോറത്തിന്റെ സഹായത്തോടെയാണ് വിവരങ്ങൾ ശേഖരിക്കേണ്ടത്. പ്രസ്തുത വിവരങ്ങൾ (ODK സങ്കേത പ്രകാരം) പഞ്ചായത്ത്തല ചർച്ചയിലൂടെയും വിവരശേഖരണ ഫോറത്തിലെ ഘടകങ്ങൾ പ്രകാരം ഫീൽഡ്തല നിരീക്ഷണം/മുഖാ

മുഖം എന്നിവയിലൂടെയും ശേഖരിക്കണം. [ഇവ സംബന്ധിച്ച നിർദ്ദേശങ്ങൾ വിവരശേഖരണ ഫോറത്തിലും അതിനോടനുബന്ധമായും നൽകിയിട്ടുണ്ട്].

പ്രകൃതി ദുരന്തത്തിന്റെ ഫലമായി ജൈവ-ആവാസവ്യവസ്ഥകളിലെയും പരിസ്ഥിതിയിലെയും മാറ്റങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളിക്കത്തക്കവിധമാണ് വിവരശേഖരണ ഫോറങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. പ്രധാനമായും ആറ് ഭാഗങ്ങളാണ് ഫോറത്തിലുള്ളത്. ഓരോ ഭാഗത്തിലെയും വിവരങ്ങൾ പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കുറിപ്പായി ചേർത്തിട്ടുണ്ട്.

ഓപ്പൺ ഡാറ്റാ കിറ്റ് (Open Data Kit)
വിവരശേഖരണത്തിന് ലോകത്താകമാനം ഉപയോഗിക്കുന്ന ഒരു സ്വതന്ത്ര സോഫ്റ്റ് വെയറാണ് ഓപ്പൺ ഡാറ്റാ കിറ്റ് (ODK). പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് ആൻഡ്രോയിഡ് മൊബൈൽ ഫോൺ അത്യാവശ്യമാണ്. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ODK ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്. ODK ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിശീലന സമയത്ത് നൽകുന്നതാണ്.

7.3. വിവരശേഖരണ തലം/രീതി

പഠനത്തിന് വേണ്ടിയുള്ള വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനതല, ഫീൽഡ് എന്നീ രണ്ട് തലങ്ങളിലായി ശേഖരിക്കും.

7.3.1 തദ്ദേശഭരണ സ്ഥാപനതലം

(i) പ്രാഥമിക സ്രോതസ്സ്

തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻ, ജനപ്രതിനിധികൾ, ബി.എം.സി. അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ (കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം നിർബന്ധമായും) എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്തല ശില്പശാല സംഘടിപ്പിക്കണം. പ്രസ്തുത ശില്പശാലയിൽ വച്ച് വിവരശേഖരണ ഫോറത്തിലെ നിർദ്ദിഷ്ട വിവരങ്ങൾ ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ ODK സങ്കേത പ്രകാരം ശേഖരിക്കണം.

(ii) ദ്വിതീയ സ്രോതസ്സ്

- വിവരശേഖരണത്തിന് അതത് ബി.എം.സി.കളിലെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) അടിസ്ഥാന രേഖയായി പരിഗണിക്കേണ്ടതാണ്.
- മറ്റു ദ്വിദീയതല വിവര ഉറവിടങ്ങളായ വികസനരേഖ, ലഭ്യമായ റിപ്പോർട്ടുകൾ, ലേഖനങ്ങൾ എന്നിവ ആധാരമാക്കേണ്ടതാണ്.

7.3.2 ഫീൽഡ് തലം

(i) പ്രാഥമിക സ്രോതസ്സ്

വിവരശേഖരണ ഫോറത്തിലെ വിവരണാത്മകമായി (Descriptive) ശേഖരിക്കേണ്ട വിവരങ്ങൾ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ചുവടെപ്പറയുന്ന രീതികളിലൂടെ ആയിരിക്കണം ശേഖരിക്കേണ്ടത്.

- ഫോക്കസ് ഗ്രൂപ്പ് ചർച്ച (FGD)
- നിരീക്ഷണം (Observation)
- അഭിമുഖം (Interview)
- ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ (Visual-Video/Audio Aids)
- പി.എച്ച്. ടെസ്റ്റ് (pH Test)

pH ടെസ്റ്റ്
നിർദ്ദിഷ്ട ഫോറത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ജലത്തിന്റെ pH മൂല്യം കണക്കാക്കുന്നതിന് pH പേപ്പർ ഉപയോഗിക്കാവുന്നതാണ്. ആയത് കോർഡിനേഷൻ ടീം വിവരശേഖരണ സംഘത്തിന് ലഭ്യമാക്കേണ്ടതാണ്.

7.4. കാലയളവ്/ദൈർഘ്യം

പരമാവധി 15 ദിവസത്തിനകം തദ്ദേശഭരണ സ്ഥാപനതല-വാർഡുതല വിവരശേഖരണം പൂർത്തീകരിക്കണം. 2018 നവംബറിനകം സംസ്ഥാനതല റിപ്പോർട്ട് സമർപ്പിക്കും.

8. പ്രധാന പ്രവർത്തനങ്ങൾ

പഠനത്തിനുവേണ്ടിയുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

8.1 ജില്ലാതല ശില്പശാല

പഠനവിധേയമാക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പഠനത്തിന്റെ പ്രാധാന്യവും രീതിശാസ്ത്രവും അവർക്കുള്ള ഉത്തരവാദിത്വവും ബോധിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ ശില്പശാല.

ശില്പശാലാ പങ്കാളികൾ :

- പഠനവിധേയമാകുന്ന തദ്ദേശഭരണ സ്ഥാപന അധ്യക്ഷ/ൻ
- ജില്ലാ പ്ലാനിംഗ് ഓഫീസർ
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
- ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

- ജൈവവൈവിധ്യ ബോർഡിന്റെ ടീം
- ജനകീയാസൂത്രണത്തിന്റെ ജില്ലാ ഫെസിലിറ്റേറ്റർ
- ഹരിത കേരള മിഷൻ ജില്ലാ കോർഡിനേറ്റർ
- ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ
- പരിശീലനം ലഭിച്ച വിദഗ്ദ്ധർ

ചർച്ച ചെയ്യേണ്ട വിഷയങ്ങൾ :

- പഠനത്തിന്റെ ആവശ്യകത
- പഠന രീതിശാസ്ത്രം
- ആവശ്യമായ ദ്വതീയ വിവരസ്രോതസ്സുകളും വിവരങ്ങളും
- പഞ്ചായത്ത്തല ശില്പശാലക്കുള്ള കലണ്ടർ തയ്യാറാക്കൽ

8.2 തദ്ദേശഭരണ സ്ഥാപനതല ബി.എം.സി.- ശില്പശാല

വിവരശേഖരണ ഫോറത്തിലെ ODK സങ്കേത പ്രകാരമുള്ള വിവരങ്ങൾ ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ ശേഖരിക്കുന്നതിനും ഫീൽഡ്തല വിവരശേഖരണത്തിനുള്ള കർമ്മപരിപാടി തയ്യാറാക്കുന്നതിനും ആണ് ഈ ശില്പശാല.

ശില്പശാലാ പങ്കാളികൾ :

(i) ജനപ്രതിനിധികൾ

(ii) ബി.എം.സി. അംഗങ്ങൾ

(iii) നിർവ്വഹണ ഉദ്യോഗസ്ഥർ (കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം നിർബന്ധമായും)

(iv) തദ്ദേശഭരണ സ്ഥാപനത്തിന്റെ ആസൂത്രണ സമിതി ഉപാധ്യക്ഷൻ

(v) പഠന സംഘം

(vi) കാർഷിക വിദഗ്ദ്ധർ

(vii) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ

(viii) അധ്യാപകർ/ഗവേഷകർ (ചരിത്രം, സസ്യശാസ്ത്രം, ജീവശാസ്ത്രം)

(ix) മുതിർന്നവർ

(x) പരമ്പരാഗത അറിവുദാതാക്കൾ

(xi) ആദിവാസികളിൽ നിന്നുള്ള മുതിർന്നവർ

(xii) ഹരിത കർമ്മസേന അംഗങ്ങൾ

(xiii) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ നിയുക്ത ഉദ്യോഗസ്ഥ/ൻ

കാര്യപരിപാടി :

- പഠനത്തിന്റെ ആവശ്യകത സംബന്ധിച്ച് പരിശീലനം ലഭിച്ച ബി.എം.സി. അംഗം വിശദീകരിക്കണം
- ODK സങ്കേതം പ്രകാരമുള്ള വിവരങ്ങൾ പഠന സംഘത്തിലെ നിർദ്ദിഷ്ട അംഗം ശേഖരിച്ച് രേഖപ്പെടുത്തണം.
- പഠന സംഘത്തിലെ മറ്റ് അംഗങ്ങൾ വിവരശേഖരണ ഫോറം പ്രകാരം വിവരണാത്മക (Descriptive) കാര്യങ്ങൾ ശേഖരിക്കേണ്ട വാർഡുകൾ/പ്രദേശങ്ങൾ, വിവരദാതാക്കളുടെ പട്ടിക എന്നിവ നിർദ്ദിഷ്ട ഫോറത്തിൽ **(അനുബന്ധം 2.1)** രേഖപ്പെടുത്തണം.
- ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണം
- ഫീൽഡ്തല സർവ്വേ സംബന്ധിച്ച കർമ്മപരിപാടി (തീയതി, വാർഡ്/സ്ഥലം, ഉത്തരവാദിത്വമുള്ള പഠന സംഘത്തിലെ അംഗം മുതലായവ) തയ്യാറാക്കണം.

8.3 ഫീൽഡ്തല വിവരശേഖരണം

തദ്ദേശഭരണതല ശില്പശാലയിൽ തയ്യാറാക്കിയ കർമ്മപരിപാടി അനുസരിച്ച് വിവരശേഖരണ സംഘത്തിലെ നിർദ്ദിഷ്ട അംഗം വിവരശേഖരണ ഫോറത്തിന്റെ സഹായത്തോടെ വിവരണാത്മക വിവരങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സർവ്വേ ഡയറിയിൽ രേഖപ്പെടുത്തണം.

വിവരശേഖരണ സംഘം :

- മൂന്ന് പേരിൽ കുറയാത്ത മൂന്ന് ടീം വ്യത്യസ്ത വാർഡുകളിൽ (തദ്ദേശഭരണതല ശില്പശാലയിൽ തയ്യാറാക്കിയ കലണ്ടർ പ്രകാരം).

വിവരശേഖരണ സംഘം
• ബി.എം.സി കളിൽ നിന്നും കൺവീനർ ഉൾപ്പെടെ നാല് അംഗങ്ങൾ. • 2 ഫീൽഡുതല വിദഗ്ദർ (ബയോളജി വിഭാഗത്തിലെ അധ്യാപകർ/ വിഷയ വിദഗ്ദർ) • ബിരുദ വിദ്യാർത്ഥികളായിട്ടുള്ള 5 വിവരശേഖരണ വോളന്റിയർമാർ മേൽപ്പറഞ്ഞവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 11 അംഗ പഠന സംഘമാണ് ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും (ബി.എം.സി.) വിവരശേഖരണം നടത്തേണ്ടത്. വിവരശേഖരണ സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ **അനുബന്ധം 2.2** ലെ ഫോറത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

ദൗത്യം :

- വിവരശേഖരണ ഫോറം പ്രകാരമുള്ള വിവരണാത്മക വിവരങ്ങൾ വിശദമായി ശേഖരിച്ച് ഡയറിയിൽ കുറിക്കുക.
- പ്രകൃതിദുരന്തബാധിത പ്രദേശത്തെ ബന്ധപ്പെട്ട ഫോട്ടോ/വീഡിയോ/ഓഡിയോ റെക്കോർഡിംഗ് എടുക്കുക.
- മേൽപ്പറഞ്ഞവ ജില്ലാ കോർഡിനേഷൻ ടീമിന് അയച്ചുകൊടുക്കുക.

ഫീൽഡ് സർവ്വേ - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- വിവരശേഖരണ സമയത്ത് സാങ്കേതിക സഹായം ആവശ്യമായി വരുന്ന പക്ഷം അതത് സമയത്തു തന്നെ ജില്ലാതല വിദഗ്ദ സംഘവുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതാണ്. ഇതിനായി വാട്സ് ആപ്പ് ഗ്രൂപ്പും ഫെയ്സ് ബുക്ക് പേജും ബോർഡിന്റെ നേതൃത്വത്തിൽ തുടങ്ങിയിട്ടുണ്ട്. ഓരോ ബി.എം.സി. യിലെയും പഠനസംഘത്തെ വാട്സ് ആപ്പ് ഗ്രൂപ്പിലും ഫെയ്സ് ബുക്കിലും ഉൾപ്പെടുത്തി പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് കെ.എസ്.ബി.ബി. പ്രതിനിധികൾ മേൽനോട്ടം നൽകേണ്ടതാണ്.

  ഫീൽഡിൽ തിരിച്ചറിയാൻ കഴിയാത്ത സസ്യ-ജന്തുജാലങ്ങളുടെ ഫോട്ടോ/ ഓഡിയോ/വീഡിയോ അതത് സമയങ്ങളിൽ വിദഗ്ദരുമായി വാട്സാപ്പ് ഗ്രൂപ്പിലൂ ടെയോ ഫെയ്സ് ബുക്കിലൂടെയോ പങ്കുവച്ച് സംശയനിവാരണം നടത്തേണ്ടതാ ണ്.

8.4 ശേഖരിച്ച വിവരങ്ങളുടെ ക്രോഡീകരണവും റിപ്പോർട്ട് തയ്യാറാക്കലും

8.4.1 ODK സങ്കേതം പ്രകാരം ശേഖരിച്ചവ

(i) ODK സങ്കേതം പ്രകാരം ശേഖരിച്ച വിവരങ്ങൾ അതത് വിവരശേഖരണ സംഘ ങ്ങൾ ജൈവവൈവിധ്യ ബോർഡിൽ നിന്നും ജില്ലാ ചുമതലയുള്ള ഉദ്യോഗസ്ഥന് നിർദ്ദിഷ്ട ഐ.ഡി. പ്രകാരം അതത് ദിവസങ്ങളിൽ ഇ-മെയിൽ ചെയ്യണം.

(ii) നിർദ്ദിഷ്ട ഉദ്യോഗസ്ഥർ അത് ക്രോഡീകരിക്കണം. തുടർന്ന് ശേഖരിച്ച വിവര ങ്ങൾ അന്നന്നുതന്നെ വിശകലന വിധേയമാക്കി വിടവുകൾ (data gap) ഉണ്ടെ ങ്കിൽ സമയാസമയങ്ങളിൽ വിവരശേഖരണ സംഘവുമായി വ്യക്തത വരുത്ത ണം.

8.4.2 വിവരണാത്മക വിവരങ്ങൾ

(i) ജില്ലാതല കോർഡിനേഷൻ ടീം

- കെ.എസ്.ബി.ബി. ജില്ലാ ചുമതലയുള്ള ഉദ്യോഗസ്ഥർ (അദ്ധ്യക്ഷ/ൻ)
- കെ.എസ്.ബി.ബി. ജില്ലാ കോർഡിനേറ്റർ (കൺവീനർ)

- കെ.എസ്.ബി.ബി. പ്രോജക്ട് ഫെല്ലോ
- ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർ
- ഹരിത കേരള മിഷൻ (ജില്ലാ കോർഡിനേറ്റർ)
- ശുചിത്വ മിഷൻ (ജില്ലാ കോർഡിനേറ്റർ)
- ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക് വകുപ്പിലെ ജില്ലാ ഓഫീസർ/ചുതമലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ
- ജില്ലാ പ്ലാനിംഗ് ഓഫീസിലെ ടെക്നിക്കൽ ഉദ്യോഗസ്ഥ/ൻ (ഒരാൾ)

(ii) വിവരണാത്മക വിവരങ്ങൾ (ഫോട്ടോ, വീഡിയോ, ഓഡിയോ ഉൾപ്പെടെ) കെ.എസ്.ബി.ബി. പ്രോജക്ട് ഫെല്ലോ ദിവസേന ശേഖരിച്ച് കെ.എസ്.ബി.ബി. കോർഡിനേറ്റർക്ക് സമർപ്പിക്കണം.

(iii) ജില്ലാതല കോർഡിനേഷൻ ടീം ഒത്തുകൂടി വിവരണാത്മക വിവരങ്ങൾ വായിച്ച്, ക്രോഡീകരിച്ച്, വിശകലനവിധേയമാക്കി റിപ്പോർട്ട് - ബി.എം.സി. തലവും ജില്ലാ തലവും - തയ്യാറാക്കണം. (ഘടന **അനുബന്ധം 3 ൽ** കൊടുത്തിട്ടുണ്ട്).

(iv) വിശകലനവേളയിൽ ഏതെങ്കിലും വിടവുകൾ (data gap) സംബന്ധിച്ച (ഉദാഹരണത്തിന് ജൈവ ജാതി സംബന്ധിച്ച അവ്യക്തത) ഉണ്ടെങ്കിൽ, അതത് ജില്ലാതല വിദഗ്ദ്ധ സംഘവുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതാണ്.

8.5 റിപ്പോർട്ട് വിലയിരുത്തൽ ശില്പശാല

8.5.1 തദ്ദേശഭരണ സ്ഥാപനതലം (ബി.എം.സി.)

- തദ്ദേശഭരണ സ്ഥാപനതല റിപ്പോർട്ടിന്റെ കരട് രൂപം തദ്ദേശഭരണ സ്ഥാപനതല ശില്പശാലയിൽ അവതരിപ്പിച്ച് അഭിപ്രായം സ്വരൂപിക്കണം (8.2 ലെ അംഗങ്ങളാണ് ഇവിടത്തെ പങ്കാളികൾ).
- വിവരശേഖരണത്തിനു ശേഷം ബി.എം.സി. ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ഭരണസമിതിയംഗങ്ങളുടെയും ബി.എം.സി. അംഗങ്ങളുടെയും യോഗം ചേർന്ന്, വിവരങ്ങൾ വിലയിരുത്തി അംഗീകരിക്കേണ്ടതാണ്.
- പ്രസ്തുത യോഗത്തിൽ പ്രദേശത്ത് പ്രകൃതി ദുരന്തം കൂടുതൽ ആഘാതമുക്കിയ ജൈവ-ആവാസവ്യവസ്ഥകൾ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തേണ്ടതും അതിന്റെ കാരണം കണ്ടെത്തേണ്ടതും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതുമാണ്. ആയതിനുള്ള ഫോറം **അനുബന്ധം 4** ൽ ചേർത്തിരിക്കുന്നു.

ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ
• പഠനത്തിനനുസൃതമായിട്ട് അതത് സ്ഥലങ്ങളിലെ പി.ബി.ആറുകളിലെ വിവരങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ബി.എം.സി. കൈക്കൊള്ളേണ്ടതാണ്.

8.5.2 ജില്ലാതല ശില്പശാല

ജില്ലാതല കോർഡിനേഷൻ ടീം, ജില്ലാതല വിദഗ്ദ്ധ സംഘത്തിന്റെ മേൽനോട്ടത്തിൽ ഒത്തുകൂടി തദ്ദേശഭരണ സ്ഥാപനതല റിപ്പോർട്ടുകൾ വായിച്ച് വ്യക്തത വരുത്തുകയും, തുടർന്ന് അവ ക്രോഡീകരിച്ച് ജില്ലാതല റിപ്പോർട്ട് തയ്യാറാക്കുകയും വേണം. (ഘടന **അനുബന്ധം 3**).

ജില്ലാതല വിദഗ്ദസംഘം

കോളേജ് അധ്യാപകർ, ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 5-10 അംഗങ്ങളടങ്ങിയതാണ് ജില്ലാതല വിദഗ്ദസംഘം

8.5.3 സംസ്ഥാനതല ക്രോഡീകരണം

കെ.എസ്.ബി.ബി. ആസ്ഥാനത്തുള്ള ഉദ്യോഗസ്ഥർ ഒത്തുകൂടി ജില്ലാതല കരട് റിപ്പോർട്ടുകൾ വായിച്ച്, വിശകലന വിധേയമാക്കണം. തുടർന്ന് ഇവ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കണം. (**അനുബന്ധം 3**).

9. സംസ്ഥാനതല റിപ്പോർട്ട് വിലയിരുത്തൽ ശില്പശാലയും സമർപ്പണവും

സംസ്ഥാനതല കരട് റിപ്പോർട്ട് കെ.എസ്.ബി.ബി.യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതല വിലയിരുത്തൽ ശില്പശാലയിൽ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ സ്വരൂപിക്കുക.

ശില്പശാലാ പങ്കാളികൾ :

- കെ.എസ്.ബി.ബി. ടീം
- കില ടീം
- കോർ ടീം
- ജനകീയാസൂത്രണം, ഹരിത കേരളം, ശുചിത്വ മിഷൻ - ജില്ലാ ചുമതലക്കാർ
- വിദഗ്ദ്ധർ

ശില്പശാല നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സംസ്ഥാനതല റിപ്പോർട്ട് അന്തിമമാക്കുക.

10. പരിശീലനം

വിവരശേഖരണ സംഘം, കോർഡിനേഷൻ ടീം അംഗങ്ങൾ എന്നിവർക്കായി ദ്വിദിന പരിശീലനം കെ.എസ്.ബി.ബി.യുടെയും കിലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ മൂന്നു ബാച്ചുകളിലായി നൽകുന്നതാണ്.

2018 ഒക്ടോബർ 5-6	ബാച്ച് 1
2018 ഒക്ടോബർ 8-9	ബാച്ച് 2
2018 ഒക്ടോബർ 10-11	ബാച്ച് 3

വിവരശേഖരണ രീതിശാസ്ത്രം സംബന്ധിച്ച് വിദഗ്ദർ പരിശീലനം നൽകുന്നതാണ്. പരിശീലന ക്ലാസ്സുകളുടെ ഭാഗമായി ഫീൽഡുതല ട്രയൽ സർവ്വേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലേയും വിവരശേഖരണ സംഘത്തിൽ നിന്നും ഒരു ബി.എം.സി. അംഗം, രണ്ട് ഫീൽഡുതല വിദഗ്ദരും ഉൾപ്പെടെ മൂന്ന് പേർക്ക് പരിശീലനം നൽകും. പരിശീലനം ലഭിച്ചവർ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വച്ച് മറ്റുള്ള വിവരശേഖരണസംഘാംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്.

പരിശീലന ഉള്ളടക്കം:

(i) ജൈവവൈവിധ്യവും പദ സൂചികകളും

(ii) വിവരശേഖരണ ഫോറം പരിചയപ്പെടുത്തൽ

(iii) ODK പരിചയപ്പെടുത്തലും അപ് ലോഡിംഗും

(iv) ഫീൽഡ്തല പരിശീലനം

(v) സൂക്ഷ്മ പരിശോധന

11. പ്രവർത്തന കലണ്ടർ

1	സംസ്ഥാനതല പരിശീലനം	:	2018 ഒക്ടോബർ 5 മുതൽ 11 വരെ
2	ജില്ലാതല ശില്പശാല	:	2018 ഒക്ടോബർ 15 നകം
3	ബി.എം.സി.തല ശില്പശാല	:	2018 ഒക്ടോബർ 17 നകം
4	വിവരശേഖരണം	:	2018 ഒക്ടോബർ 12 മുതൽ 27 വരെ
5	വിശകലനം, ക്രോഡീകരണം, റിപ്പോർട്ട് തയ്യാറാക്കൽ	:	2018 ഒക്ടോബർ 28 മുതൽ നവംബർ 1 വരെ
6	ജില്ലാതല റിപ്പോർട്ട് അവതരണം	:	2018 നവംബർ 5 നകം
7	ജില്ലാതല റിപ്പോർട്ട് സമർപ്പണം	:	2018 നവംബർ 7 നകം (സോഫ്റ്റ് കോപ്പി)
8	സംസ്ഥാനതല റിപ്പോർട്ട് തയ്യാറാക്കൽ	:	2018 നവംബർ 10 നകം
9	സംസ്ഥാനതല റിപ്പോർട്ട് അവതരണം		2018 നവംബർ 12
10	സർക്കാരിന് റിപ്പോർട്ട് സമർപ്പണം	:	2018 നവംബർ 15

12. ചുമതലകളും ഉത്തരവാദിത്തങ്ങളും

(i) കെ.എസ്.ബി.ബി. ഹെഡ് ആസ്ഥാനത്ത് നിന്നുള്ള ഉദ്യോഗസ്ഥർ

ചുമതലകൾ:

- ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാർ, ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ജില്ലാതല കോർഡിനേറ്റർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാതല വിദഗ്ദ സംഘം, സന്നദ്ധ സംഘടനകൾ എന്നിവരുടെ സേവനം അതത് സമയങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തുക;
- ഓരോ ബി.എം.സി. യിലെയും പ്രവർത്തന ഷെഡ്യൂൾ പ്രകാരം പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ടോയെന്ന് വിലയിരുത്തുക;
- ഓരോ ബി.എം.സി. യിലെയും വിവരശേഖരണ പുരോഗതി വിലയിരുത്തി ജില്ലാതലത്തിൽ പ്രതിദിന റിപ്പോർട്ട് ക്രോഡീകരിക്കുകയും സുപ്രധാന നിരീക്ഷണങ്ങൾ അതതു സമയം ബോർഡിൽ അറിയിക്കുന്നതോടൊപ്പം ബോർഡിന്റെ ഇടപെടലുകൾ ആവശ്യമുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തുക;
- വിവരങ്ങൾ വിലയിരുത്തുന്നതോടൊപ്പം പോരായ്മകൾ അതതു സമയം വിവരശേഖരണ സംഘത്തിനെ അറിയിക്കുകയും പരിഹരിക്കുകയും ചെയ്യുക;
- ജില്ലാതല വിദഗ്ദസംഘത്തിന്റെ സാങ്കേതിക സഹായം വിവരശേഖരണ സംഘത്തിന് യഥാസമയം ലഭ്യമാക്കുക; ശേഖരിച്ച വിവരങ്ങൾ ജില്ലാതല വിദഗ്ദസംഘത്തിന്റെ സഹായത്തോടെ വിലയിരുത്തി ജില്ലാതല റിപ്പോർട്ട് തയ്യാറാക്കുക.

(ii) കെ.എസ്.ബി.ബി. ജില്ലാ കോർഡിനേറ്റർ

ചുമതലകൾ:

- പഠനകാലയളവിൽ പ്രോജക്ട് ഫെല്ലോമാരുടെ പ്രവർത്തന ഷെഡ്യൂൾ തയ്യാറാക്കുക; ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാർ, ഹരിതകേരളം മിഷൻ/ശുചിത്വ മിഷൻ ജില്ലാതല കോർഡിനേറ്റർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക;
- ഓരോ ബി.എം.സി. യിലെയും പ്രവർത്തന ഷെഡ്യൂൾ തയ്യാറാക്കി കെ.എസ്.ബി.ബി. പ്രതിനിധിയ്ക്ക് നൽകുക (നിശ്ചിത മാതൃക **അനുബന്ധം 5** ൽ ഉൾപ്പെടുത്തിയിരിക്കുന്നു);
- ഓരോ ബി.എം.സി. യിലെയും വിവരശേഖരണ പുരോഗതി വിലയിരുത്തി പ്രതിദിന റിപ്പോർട്ട് ക്രോഡീകരിച്ച് കെ.എസ്.ബി.ബി. പ്രതിനിധിയ്ക്ക് കൈമാറുക (**അനുബന്ധം 5**);
- ബി.എം.സി. ജില്ലാതല റിപ്പോർട്ട് തയ്യാറാക്കുക;

- ബി.എം.സി.തല -ജില്ലാതല ശില്പശാല സംഘടിപ്പിക്കുക, ജില്ലാതല യോഗങ്ങളുടെ മിനിറ്റ്സ് തയ്യാറാക്കി സമർപ്പിക്കുക.

(iii) ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാർ/ഹരിതകേരളം മിഷൻ ജില്ലാതല കോർഡിനേറ്റർ/ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ

ചുമതലകൾ:

- പഠനസംഘത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക
- യോഗങ്ങൾ ചേരുന്നതിനുള്ള ക്രമീകരണങ്ങൾ
- അനുബന്ധ വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണം തുടങ്ങിയ കാര്യങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകോപിപ്പിക്കുക.

(iv) കെ.എസ്.ബി.ബി. പ്രോജക്ട് ഫെല്ലോമാർ

ചുമതലകൾ:

- ബി.എം.സി. തലത്തിൽ പഠനസംഘവുമായി ചേർന്ന് വിവരശേഖരണം ഏകോപിപ്പിക്കുക; ചാർജ്ജ് നൽകിയിട്ടുള്ള ബി.എം.സി. കളിൽ വിവരശേഖരണത്തിന്റെ ഷെഡ്യൂളും, ഓരോ ദിവസത്തിലെയും പഠനസംഘത്തിന്റെ വിശദാംശങ്ങളും റിപ്പോർട്ടും ജില്ലാ കോർഡിനേറ്റർക്ക് നൽകുക;
- ഫീൽഡുതല സംശയങ്ങൾ ദൂരീകരിക്കുന്നതിന് കെ.എസ്.ബി.ബി. ജില്ലാ കോർഡിനേറ്റർമാരുമായി ബന്ധപ്പെടുക
- ബി.എം.സി. തല ശില്പശാലാ മിനിറ്റ്സ് ബി.എം.സി. കൺവീനർ തയ്യാറാക്കുക, ഉറപ്പുവരുത്തുക, ശേഖരിക്കുക.

(v) ജില്ലാതല വിദഗ്ദ്ധസംഘം

കോളേജ് അധ്യാപകർ, ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 5-10 അംഗങ്ങളടങ്ങിയതാണ് ജില്ലാതല വിദഗ്ദ്ധ സംഘം.

ചുമതലകൾ:

വിവരശേഖരണ സമയത്ത് എല്ലാവിധ സാങ്കേതിക സഹായവും വിവരശേഖരണസംഘത്തിന് ലഭ്യമാക്കുക; ജില്ലാതലത്തിൽ വിവരങ്ങൾ വിശകലനം ചെയ്ത് ജില്ലാതല റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക.

വിവരശേഖരണ ഫോറവും,
പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും

വിവരശേഖരണ ഫോറങ്ങൾ

[നക്ഷത്രചിഹ്നം കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ODK സങ്കേതത്തിലൂടെയാണ് ശേഖരിക്കേണ്ടത്. അവ ഉൾപ്പെടെയുള്ള എല്ലാ ചോദ്യങ്ങളുടെയും വിവരങ്ങൾ വിവരണാത്മകമായി സർവ്വേ ഡയറിയിൽ വിശദീകരിക്കണം]

ഭാഗം 1: അടിസ്ഥാന വിവരങ്ങൾ

ഉപവിഭാഗം 1.1: പ്രദേശം (തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനരേഖയിൽ നിന്നും ശേഖരിക്കാവുന്ന വിവരങ്ങൾ)

1.1.1	ജില്ലയുടെ പേര്*	
1.1.2	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്*	
1.1.3	ആകെ വാർഡുകളുടെ എണ്ണം*	
1.1.4	ആകെ വിസ്തീർണ്ണം (ച.കി.മീ)*	
1.1.5	ഭൂപ്രദേശം*	മലനാട്/ഇടനാട്/തീരപ്രദേശം
1.1.6	ഭൂപ്രദേശം താഴെപ്പറയുന്ന പ്രധാന ആവാസവ്യവസ്ഥകൾക്ക് അരികിലാണോ?	• നദികൾ • കായൽ • ചതുപ്പുനിലം • കടൽ • കുന്ന് • പശ്ചിമഘട്ട മേഖല • മലഞ്ചെരിവ് • അണക്കെട്ടുകൾ

ഉപവിഭാഗം 1.2: ദുരന്ത സ്വഭാവം (തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ)

1.2.1	ഏതുതരം ദുരന്തം*		പ്രളയം/മണ്ണിടിച്ചിൽ/ഇവ രണ്ടും
1.2.2	പ്രകൃതി ദുരന്തം ബാധിച്ച സമയം*		എ) ഒന്നാംഘട്ടം ആഗസ്റ്റ് 13 നു മുൻപ് ബി) രണ്ടാംഘട്ടം ആഗസ്റ്റ് 13 നു ശേഷം സി) മുകളിലെ (എ)യും (ബി)യും
1.2.3	പ്രകൃതി ദുരന്തം മൂലമുായ നാശനഷ്ടം*		
	1. വെള്ളപ്പൊക്കം*	എത്ര വാർഡുകൾ?	
		ബാധിച്ച വാർഡുകൾ ഏതൊക്കെ?	
		മൊത്തം ദുരന്തബാധിത മേഖലയുടെ ഭൂവിസ്തൃതി (ച.കി.മീ)	
		ശരാശരി എത്ര മീറ്റർ വെള്ളംപൊങ്ങി?	

	2. ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിൽ/മലയിടിച്ചിൽ തുടങ്ങിയവ*	എത്ര വാർഡുകൾ?	
		ബാധിച്ച വാർഡുകൾ ഏതൊക്കെ?	
		മൊത്തം ദുരന്തബാധിത മേഖലയുടെ ഭൂവിസ്തൃതി (ച.കി.മീ.)	
		തീവ്രത	ലഘുതരം/ഗുരുതരം/അതീവഗുരുതരം

ഉപവിഭാഗം 1.3: പൈതൃക നഷ്ടം (വില്ലേജ് ഓഫീസറിൽ നിന്നും ദുരന്ത ബാധിതരായ വിഭാഗങ്ങളിൽ നിന്നും ശേഖരിക്കാവുന്ന വിവരങ്ങൾ)

1.3.1. പ്രത്യക്ഷമായോ/പരോക്ഷമായോ പൈതൃക പ്രാധാന്യമുള്ള ഇടങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായെങ്കിൽ

ക്രമ നം. (1)	ഏതു തരം (2)		വാർഡ് (3)	നാശനഷ്ടത്തിന്റെ തോത് (4) ടിക് (√) ചെയ്യുക			പുനരുജ്ജീവിപ്പിക്കാവുന്നവ / അല്ലാത്തവ (5)	
	പൈതൃകം	പേര്						
				ലഘുതരം	ഗുരുതരം	അതീവഗുരുതരം	സാധ്യമാണ്	സാധ്യമല്ല
	(i) ആരാധനാലയങ്ങൾ* (ii) ചരിത്ര പ്രാധാന്യമുള്ള /പ്രസിദ്ധമായിട്ടുള്ള സ്ഥലങ്ങൾ* (iii) സാംസ്ക്കാരിക പൈതൃകങ്ങൾ* (iv) ഭൗമസൂചിക പട്ടികയിൽ ഇടം നേടിയിട്ടുള്ളവ* (v) പരമ്പരാഗത മത്സ്യബന്ധന/ കാർഷികോപകരണങ്ങൾ*								

1.3.2. മുകളിൽ പ്രതിപാദിച്ച പൈതൃകത്തിനുണ്ടായ നാശനഷ്ടങ്ങൾ ഉപജീവനത്തെ എങ്ങനെ ബാധിച്ചു

1	ഏതു വിഭാഗം ജനങ്ങൾ?	
2	എത്ര യൂണിറ്റുകൾ	
3	എത്ര തൊഴിലാളികൾ	
4	എത്ര കുടുംബം	
5	ഏതുവിധത്തിൽ ബാധിച്ചു	

ഭാഗം 2: ആവാസവ്യവസ്ഥ വൈവിധ്യത്തിലുണ്ടായിട്ടുള്ള ആഘാതം:

(വാർഡു മെമ്പർമാരും അനുബന്ധ അറിവുടമകളുമായുള്ള ഗ്രൂപ്പ് ചർച്ച, ഫീൽഡ് സർവ്വേ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ)

ക്രമ നം. (1)	ആവാസവ്യവസ്ഥ (2)	ആവാസവ്യവസ്ഥയുടെ പേര് (3)	ബാധിത മേഖലയുടെ വിസ്തൃതി (ച.കി.മീ.)/ എണ്ണം (4)	നാശനഷ്ടത്തിന്റെ തോത് (ലഘു തരം/ഗുരുതരം/അതീവ ഗുരുതരം) (5)	നാശമുണ്ടാകാനുള്ള കാരണം (6)	ദുരന്തശേഷം ആവാസവ്യവസ്ഥയിലുണ്ടായ മാറ്റം (7)	പുനരുജ്ജീവിപ്പിക്കാവുന്നവ /അല്ലാത്തവ (8)
ഉപവിഭാഗം 2.1:- ജല ആവാസവ്യവസ്ഥ*							
2.1.1.	ശുദ്ധജലം* (i) പ്രധാന നദി (ii) പോഷക നദികൾ (iii) അരുവി (iv) തടാകം (v) നെൽപ്പാടം (vi) ചതുപ്പ് (vii) കുളം (viii) കിണർ						
2.1.2.	ഓരുജലം* (i) കായൽ (ii) കണ്ടൽ പ്രദേശം (iii) നെൽപ്പാടം						
2.1.3.	കടൽ* (i) കടൽത്തീരം (ii) അഴിമുഖം (iii) പാരുകൾ						
ഉപവിഭാഗം 2.2:- കര ആവാസവ്യവസ്ഥ*							
2.2.1	(i) വനം* (സംരക്ഷിത മേഖല)						
	(ii)വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തോട്ടങ്ങൾ						
2.2.2	സംരക്ഷിത മേഖലയ്ക്ക് പുറമേയുള്ള ജൈവ വൈവിധ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ* • കമ്മ്യൂണിറ്റി റിസർവ്വ് • രാംസർ സൈറ്റുകൾ • ജൈവവൈവിധ്യ പ്രാധാന്യമുള്ള ആവാസവ്യസ്ഥകളായി വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലങ്ങൾ						

	• പുൽമേടുകൾ • പക്ഷി സങ്കേതങ്ങൾ • കാവുകൾ • കുന്നുകൾ • പാറക്കെട്ടുകൾ • മലഞ്ചെരിവുകൾ • മറ്റുള്ളവ						
2.2.3	ചെറു ആവാസവ്യവ സ്ഥകൾ* (Micro habitats)						
ഉപവിഭാഗം 2.3:- മനുഷ്യ നിർമ്മിത ആവാസവ്യവസ്ഥ*							
2.3.1.	ഉദ്യാനങ്ങൾ/പാർക്കുക കൾ						
2.3.2.	ഫാമുകൾ (പൊതു/സ്വകാര്യം)						
2.3.3.	തോട്ടങ്ങൾ (പൊതു/സ്വകാര്യം)						
2.3.4.	മനുഷ്യ ഇടപെടലുകൾ മൂലം മാറ്റം വന്ന സ്വാഭാവിക ആവാസ വ്യവസ്ഥകൾ						
ഉപവിഭാഗം 2.4:- തനത് കാർഷിക ആവാസവ്യവസ്ഥ*							
2.4.1.	കുട്ടനാട്						
2.4.2.	പൊക്കാളി						
2.4.3.	കൈപ്പാട്						
2.4.4.	കോൾനിലങ്ങൾ						
2.4.5.	ആദിവാസി/ഗോത്ര കാർഷിക മേഖല						
2.4.6.	മറ്റുള്ളവ						

ഭാഗം 3: ജൈവ ജാതി വൈവിധ്യത്തിലുണ്ടായ ആഘാതം:

(വാർഡു മെമ്പർമാരും അനുബന്ധ അറിവുടമകളുമായുള്ള ഗ്രൂപ്പ് ചർച്ച, ഫീൽഡ് സർവ്വേ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ)

1	2	3		4	5	6	7	8
ക്രമ നം.	ജൈവ ജാതിയിനം	നാശോന്മുഖമായിട്ടുള്ള ജൈവ ജാതിയിനങ്ങൾ		ഉപയോഗം (ബാധകമായിട്ടുള്ളവയ്ക്ക് മാത്രം)	ഏതു തരം ശോഷണം	നാശനഷ്ടത്തിന്റെ തോത്/ എണ്ണം	വീണ്ടെടുക്കാവുന്നവ/ അല്ലാത്തവ	പുതിയതായി / അസാധാരണമായി കാണപ്പെടുന്ന ഇനങ്ങൾ
		പ്രാദേശിക നാമം	ശാസ്ത്രീയ നാമം					
ഉപവിഭാഗം 3.1: സസ്യങ്ങൾ*								
3.1.1.	ജലസസ്യങ്ങൾ							
3.1.2.	ഓഷധികൾ (Herbs)							
3.1.3.	കുറ്റിച്ചെടികൾ (Shrubs)							
3.1.4.	മരങ്ങൾ (Trees)							
3.1.5.	വള്ളിച്ചെടികൾ							
3.1.6.	പുല്ലിനങ്ങൾ							
3.1.7.	പുഴയോരസസ്യങ്ങൾ							
3.1.8.	പ്രദേശികതലത്തിൽ പ്രാധാന്യത്തോടെ സംരക്ഷിച്ചിരുന്ന/ കാണപ്പെട്ടിരുന്ന വൃക്ഷങ്ങൾ							
ഉപവിഭാഗം 3.2: ജന്തുക്കൾ*								
3.2.1.	മണ്ണിൽ അധിവസിക്കുന്ന ജീവികൾ							
3.2.2.	ഷഡ്പദങ്ങൾ (Insects)							

3.2.3.	കവച ജീവികൾ (Mollucs & Crustaceans)							
3.2.4.	ഉഭയജീവികൾ (Amphibians)							
3.2.5.	ഉരഗങ്ങൾ (Reptiles)							
3.2.6.	മത്സ്യങ്ങൾ (Fishes)							
3.2.7.	പക്ഷികൾ (Birds)							
3.2.8.	സസ്തനികൾ (Mammals)							
3.2.9.	പ്രദേശിക തലത്തിൽ പ്രാധാന്യത്തോടെ സംരക്ഷിച്ചിരുന്ന/ കാണപ്പെട്ടിരുന്ന ജീവികൾ							
ഉപവിഭാഗം 3.3: വളർത്തു സസ്യങ്ങൾ*								
3.3.1.	കാർഷിക വിളകൾ							
3.3.2.	തനത് വിളയിനങ്ങൾ							
ഉപവിഭാഗം 3.4: വളർത്തു മൃഗങ്ങൾ*								
3.4.1.	കന്നുകാലിയിനങ്ങൾ/ആടിനങ്ങൾ							
3.4.2.	വളർത്തുപക്ഷികൾ							
3.4.3.	തനത് കന്നുകാലിയിനങ്ങൾ/ആടിനങ്ങൾ							
3.4.4	തനത് വളർത്തുപക്ഷികൾ							
3.4.5	മത്സ്യ ഹാച്ചറികൾ/ ഫാമുകൾ							

ഭാഗം 4: പാരിസ്ഥിതിക ആഘാതങ്ങൾ

(വാർഡു മെമ്പർമാരും അനുബന്ധ അറിവുടമകളുമായുള്ള ഗ്രൂപ്പ് ചർച്ച, ഫീൽഡ് സർവ്വേ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ)

4.1.	മണ്ണിന്റെ സ്വഭാവം	നിറം					
		ഘടന					
		നീർവാഴ്ച					
4.2	മണ്ണിലുാകുന്ന പ്രതിഭാസങ്ങൾ		നെൽപ്പാടങ്ങൾ (1)		കരപ്രദേശം (2)	ജലാശയം (3)	പുഴയോരം (4)
	1. സാന്റ് പൈപ്പിംഗ്*	ഉണ്ട്	എണ്ണം				
			വ്യാപ്തി (ച.മീ.)				
		ഇല്ല					
	2. മണൽത്തിട്ട രൂപീകരണം*	ഉണ്ട്	ആഴം				
			വ്യാപ്തി (ച.മീ.)				
		ഇല്ല					
	3. എക്കലടിയൽ*	ഉണ്ട്	ആഴം				
			വ്യാപ്തി (ച.മീ.)				
		ഇല്ല					
	4. മണ്ണൊലിപ്പ്*	ഉണ്ട്	ആഴം				
			വ്യാപ്തി (ച.മീ.)				
		ഇല്ല					
4.3	മലിനീകരണത്തിന്റെ തോതും വ്യാപ്തിയും	ഏതുതരം	(i) ഗാർഹിക ഖരമാലിന്യം*				
			(ii) ഗാർഹിക ദ്രവമാലിന്യം*				
			(iii) വ്യാവസായിക മാലിന്യങ്ങൾ*				

		തോത് (കുറവ്/ കൂടുതൽ/ വളരെകൂടുതൽ)				
		ആവാസവ്യവസ്ഥയിലുണ്ടായിട്ടുള്ള മാറ്റം				
		ജൈവവൈവിധ്യത്തിലുണ്ടായിട്ടുള്ള മാറ്റം				

ഭാഗം 5: ജൈവവൈവിധ്യ അതിജീവനം/ അനുകൂലഫലങ്ങൾ

(വാർഡു മെമ്പർമാരും അനുബന്ധ അറിവുടമകളുമായുള്ള ഗ്രൂപ്പ് ചർച്ച, ഫീൽഡ് സർവ്വേ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ)

ഉപവിഭാഗം 5.1 – അതിജീവനം		
5.1.1.	ആവാസവ്യവസ്ഥ* (ഉദാഹരണം:കാവുകൾ, കണ്ടൽ, മുതലായവ)	
5.1.2.	സസ്യങ്ങൾ*	
5.1.3.	ജന്തുക്കൾ*	
5.1.4.	കാർഷിക വിളകൾ	
5.1.5.	ആദിവാസികൾ കൃഷിചെയ്യുന്ന വിളകൾ/ വന്യയിനങ്ങൾ*	
5.1.6	വളർത്തു മൃഗങ്ങൾ*	
5.1.7.	വളർത്തു പക്ഷികൾ*	
ഉപവിഭാഗം 5.2 – അനുകൂലഫലങ്ങൾ		

ഭാഗം 6: പരമ്പരാഗത അറിവ്

(വാർഡു മെമ്പർമാരും അനുബന്ധ അറിവുടമകളുമായുള്ള ഗ്രൂപ്പ് ചർച്ച, മുതിർന്ന അറിവുടമകളുമായുള്ള അഭിമുഖം എന്നിവയിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ)

ക്രമ നം.	വിവരം	അറിവുകൾ	വിവരം നൽകിയ വ്യക്തി (പേര്, വയസ്സ്, വിഭാഗം,വിലാസം, ഫോൺ നം. ഉൾപ്പെടെ)
6.1. മുൻകാല പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ചുള്ള അറിവ്			
6.1.1.	മുൻകാല പ്രളയത്തെക്കുറിച്ചുള്ള അറിവ് (പ്രാദേശികമായി സംഭവിച്ചിട്ടുള്ളത്)		
6.1.2.	മുൻകാല പ്രകൃതിദുരന്തങ്ങളെക്കുറിച്ചുള്ള അറിവ് (പ്രാദേശികമായി സംഭവിച്ചിട്ടുള്ളത്)		
6.1.3.	കാലാവസ്ഥാ വ്യതിയാനത്തെയും പ്രകൃതി ദുരന്തങ്ങളെയും നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ (സമൂഹത്തിന്റെ കാഴ്ചപ്പാട്).		
6.2. പരമ്പരാഗത അറിവ്/നാട്ടറിവ്			
6.2.1.	പ്രകൃതി ദുരന്തത്തിന്റെ/കാലാവസ്ഥാ വ്യതിയാനത്തിന്റെയും സൂചകവുമായി ബന്ധപ്പെട്ടുള്ള പരമ്പരാഗത അറിവ്		
6.2.2.	കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ആവാസവ്യവസ്ഥകൾക്കും ജീവജാലങ്ങൾക്കും വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ചുള്ള പരമ്പരാഗത അറിവ്		
6.3	വിവരദാതാക്കൾ*		
	(i) 1924 ലെ വെള്ളപ്പൊക്കത്തെ കുറിച്ച് അറിവുള്ളവർ		
	(ii) മുൻകാല പ്രളയത്തെ കുറിച്ച് അിറവുള്ള മുതിർന്നവർ		
	(iii) പരമ്പരാഗത കർഷകർ		
	(iv) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ		
	(v) അദ്ധ്യാപകർ/ഗവേഷകർ (ചരിത്രം)		
	(vi) അദ്ധ്യാപകർ/ഗവേഷകർ (ജീവശാസ്ത്രം)		
	(vii) അദ്ധ്യാപകർ/ഗവേഷകർ (ജന്തുശാസ്ത്രം)		
	(viii) ആദിവാസി മേഖല - മുതിർന്നവർ		

ഫോറം പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

[നക്ഷത്രചിഹ്നം കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ODK സങ്കേതത്തിലൂടെയാണ് ശേഖരിക്കേണ്ടത്. അവ ഉൾപ്പെടെയുള്ള എല്ലാ ചോദ്യങ്ങളുടെയും വിവരങ്ങൾ വിവരണാത്മകമായി സർവ്വേ ഡയറിയിൽ വിശദീകരിക്കണം]

ഭാഗം 1 : അടിസ്ഥാന വിവരങ്ങൾ

ഉപവിഭാഗം 1.1. : പ്രദേശം

1.1.6. പഠനപദേശം ഒന്നിലധികം ഭൂപ്രദേശങ്ങളുടെ സമ്മിശ്രമാണെങ്കിൽ, ഭൂരിഭാഗം പ്രദേശം ഏതുവിഭാഗത്തിലാണോ അത് ഉൾപ്പെടുത്തിയാൽ മതിയാകും.

ഉപവിഭാഗം 1.2. : ദുരന്തസ്വഭാവം

1.2.1. ഒന്നിലധികം ദുരന്തങ്ങളാണുണ്ടായതെങ്കിൽ അവയെല്ലാം ഉൾപ്പെടുത്തേണ്ടതാണ്.

1.2.2. ഏതുഘട്ടത്തിലാണ് പ്രദേശത്ത് ദുരന്തം ഉണ്ടായതെന്ന് വ്യക്തമാക്കുക. രണ്ട് ഘട്ടത്തിലും ഉണ്ടായിട്ടുണ്ടെങ്കിൽ രണ്ടിലും ഉൾപ്പെടുത്തണം.

1.2.3. ബാധിതമേഖലയുടെ അക്ഷാംശം, രേഖാംശം എന്നിവ ജി.പി.എസ്.വഴി രേഖപ്പെടുത്തേണ്ടതാണ്. നാശനഷ്ടത്തിന്റെ (ജൈവവിഭവങ്ങളുടെയും ജൈവവൈവിധ്യത്തിന്റെയും) തോത് 0-30 ശതമാനമാണെങ്കിൽ ലഘുതരമെന്നും, 31-75 ശതമാനമാണെങ്കിൽ ഗുരുതരമെന്നും, 75 ശതമാനത്തിനു മുകളിൽ അതീവ ഗുരുതരമെന്നും രേഖപ്പെടുത്താവുന്നതാണ്.

1.2.4. ദുരന്തശേഷം മുൻപ് ജനവാസയോഗ്യമായിരുന്ന പ്രദേശം ഇപ്പോൾ വാസയോഗ്യമാണോ അല്ലയോ എന്നും, തരിശുനിലങ്ങൾക്ക് വന്നിട്ടുള്ള മാറ്റം, കൃഷിയിടങ്ങൾക്ക് വന്നിട്ടുള്ള മാറ്റം, പുഴയോര ആവാസവ്യവസ്ഥയിൽ വന്നിട്ടുള്ള മാറ്റം, മണൽതിട്ട രൂപംകൊള്ളുക, തുടങ്ങിയ മാറ്റങ്ങൾ വിശദമാക്കുക.

ഉപവിഭാഗം 1.3. : പൈതൃക നഷ്ടം

1.3.1. കോളം നം. 2 ൽ ആരാധനാലയങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര പ്രസിദ്ധമായിട്ടുള്ള സ്ഥലങ്ങൾ, സാംസ്ക്കാരിക പൈതൃകങ്ങൾ (ഉദാ: ആറന്മുള കണ്ണാടി, പള്ളിയോടങ്ങൾ, ഭൗമസൂചിക പട്ടികയിൽ ഇടം നേടിയിട്ടുള്ള മറ്റ് ഇനങ്ങൾ), പരമ്പരാഗത മത്സ്യബന്ധനം/കാർഷികോപകരണങ്ങൾ, തുടങ്ങയിവ ഉൾപ്പെടുത്തണം.

1.3.2. 1.3.1. ലെ ഒരോ വിഭാഗത്തിലെയും പൈതൃകങ്ങൾക്കുണ്ടായിട്ടുള്ള നാശം ഏതു വിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തെ ബാധിച്ചുവെന്നും (ഉദാ: ആറന്മുള കണ്ണാടിയുണ്ടാക്കുന്ന ജനവിഭാഗം), അതുമായി ബന്ധപ്പെട്ട എത്ര വ്യവസായ യൂണിറ്റുകൾ, തൊഴിലാളികൾ, കുടുംബങ്ങൾ എന്നിവയെ ബാധിച്ചുവെന്ന് വ്യക്തമാക്കുക. 1.3.2 (5) ൽ ഏതുവിധത്തിലാണ് മേൽ

സൂചിപ്പിച്ചിട്ടുള്ള പൈതൃകത്തെ ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുക. (ഉദാ: അസംസ്കൃത വസ്തുവിലുണ്ടായ നാശം, വിപണിയിലുണ്ടായ നാശം, ഉപകരണങ്ങൾക്കുണ്ടായ നാശം, തുടങ്ങിയവ).

ഭാഗം 2 : ആവാസ വ്യവസ്ഥ വൈവിധ്യത്തിലുണ്ടായിട്ടുള്ള ആഘാതം

- കോളം 3 ൽ ആവാസവ്യവസ്ഥയുടെ പ്രാദേശിക നാമം എഴുതുക.

  ഉദാ: പ്രധാന നദിയിൽ (2.1 ൽ) 'പമ്പ' എന്നും പോഷകനദിയിൽ 'വരട്ടാർ' എന്നും എഴുതേണ്ടതാണ്. മറ്റ് ആവാസവ്യവസ്ഥകൾക്ക് പ്രാദേശികമായി അറിയപ്പെടുന്ന സ്ഥലപ്പേരിൽ രേഖപ്പെടുത്താവുന്നതാണ്. കിണറുകൾക്ക് കാണപ്പെടുന്ന വാർഡുകളുടെ പേര് ഉൾപ്പെടുത്താവുന്നതാണ്.

- കോളം 4 ൽ ഭൂവിസ്തൃതി രേഖപ്പെടുത്തേണ്ട ആവാസവ്യവസ്ഥകളുടെ അക്ഷാംശം, രേഖാംശം ഉൾപ്പെടെ എഴുതുക. കിണറുകൾ/കുളം എന്നിവയ്ക്ക് എണ്ണം രേഖപ്പെടുത്താവുന്നതാണ്.

- കോളം 5 ൽ നാശനഷ്ടത്തിന്റെ തോത് 0-30 ശതമാനമാണെങ്കിൽ ലഘുതരമെന്നും, 31-75 ശതമാനമാണെങ്കിൽ ഗുരുതരമെന്നും, 75 ശതമാനത്തിനു മുകളിൽ അതീവ ഗുരുതരമെന്നും രേഖപ്പെടുത്താവുന്നതാണ്.

- കോളം 6 ൽ 1.2.1. ലെ പട്ടികയ്ക്കനുസൃതമായിട്ട് ഏതുതരം ദുരന്തമാണ് ആവാസവ്യവസ്ഥയ്ക്ക് ആഘാതമുണ്ടാക്കിയതെന്ന് വ്യക്തമാക്കുക.

- കോളം 7 ൽ ദുരന്തശേഷം നദിയുടെ ഗതിമാറ്റം, വിസ്തീർണ്ണം, ആഴം, വീതി, വെള്ളത്തിന്റെ തെളിമ, എക്കലടിയൽ, ഒഴുക്ക്, pH., കിണറുകളിലെ ജലവിതാനം, വെള്ളക്കെട്ട്, തണ്ണീർത്തടങ്ങളിലുണ്ടായിട്ടുള്ള മാറ്റം എന്നിവ ഉൾപ്പെടുത്തുക.

- കോളം 8 ൽ ദുരന്തത്തിന്റെ തീവ്രതയ്ക്കും ആവാസവ്യവസ്ഥകൾക്കുമനുസൃതമായി പുനരുജ്ജീവനത്തിൽ വ്യത്യാസം ഉണ്ടാകും.
  ഉദാ: കിണറുകൾ ശുദ്ധീകരിച്ചതിനു ശേഷം ഉപയോഗയോഗ്യമാക്കാവുന്നതാണ്; കുട്ടനാട് ഭാഗത്ത് ദുരന്തത്തിന്റെ കാലാവധി കൂടുതലായതിനാൽ ആവാസവ്യവസ്ഥകളുടെ വീണ്ടെടുക്കൽ കാലതാമസം നേരിടുകയോ അസാധ്യമാകുകയോ ചെയ്തിട്ടുണ്ടാകും. അതുപോലെ നെൽപ്പാടങ്ങൾ വീണ്ടും കൃഷിയോഗ്യമാണോ തുടങ്ങിയുള്ള വിവരങ്ങൾ ഓരോ ആവാസവ്യവസ്ഥയ്ക്കും അനുസൃതമായി ഉൾപ്പെടുത്തേണ്ടതാണ്.

ഉപവിഭാഗം 2.1. : ജല ആവാസവ്യവസ്ഥ

2.1.1. പ്രധാന നദി 44 നദികളിൽ ഉൾപ്പെടുന്നവയായിരിക്കണം (**അനുബന്ധം 6** കാണുക). പോഷക നദികൾ 44 പ്രധാന നദികളുടെ പോഷക നദികളോ കൈവഴികളോ ആയിരിക്കണം.

ഉപവിഭാഗം 2.2.

2.2.1. പ്രസ്തുത വിവരങ്ങൾ വനം വകുപ്പിൽ നിന്നും എടുക്കേണ്ടതാണ്.

2.2.2. കോഴിക്കോട് ജില്ലയിലെ കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിനെക്കുറിച്ച് പ്രതിപാദിക്കുക.

രാംസർ സൈറ്റുകളായ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നിവയെക്കുറിച്ചാണ് പ്രതിപാദിക്കേണ്ടത്.

[പ്രസ്തുത മേഖലകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശത്ത് മാത്രം ഈ വിവരം ചേർത്താൽ മതിയാകും].

ജൈവവൈവിധ്യ പ്രാധാന്യമുള്ള ആവാസവ്യസ്ഥകളായി വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലങ്ങളും പക്ഷിസങ്കേതങ്ങളും അനുബന്ധമായി (**അനുബന്ധം 7**) ഉൾപ്പെടുത്തിയിരിക്കുന്നത് കാണുക.

മറ്റുള്ളവ എന്നുള്ള വിഭാഗത്തിൽ പ്രാദേശികമായി ജൈവവൈവിധ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉദാ: മൺറോതുരുത്ത്, പാതിരാമണൽ തുടങ്ങിയവ.

2.2.3. പക്ഷികൾക്ക് കൊറ്റില്ലങ്ങൾ പോലെ മറ്റു ജീവികൾക്കുള്ള ചെറു ആവാസവ്യവസ്ഥകൾ (ജലം/കര) ഉൾപ്പെടുത്തുക.

പക്ഷികൾ/മത്സ്യങ്ങൾ/ഉരഗങ്ങൾ/ഉഭയജീവികൾ എന്നിവ ചേക്കേറുന്നതോ, മുട്ടയിടുന്നതോ ആയ സ്ഥലങ്ങൾ ഉൾപ്പെടുത്തുക.

ഉദാ: ഉൾനാടൻ മത്സ്യ പ്രജനന (ഊത്തയിളക്കം) സ്ഥലങ്ങൾ.

കോളം 6 ൽ ദുരന്തം മൂലം പ്രസ്തുത ചെറു ആവാസവ്യവസ്ഥകൾക്കുായിട്ടുള്ള മാറ്റങ്ങൾ വിശദമാക്കുക.

ഉദാ: പക്ഷികൾ ചേക്കേറുന്ന സ്ഥലത്തെ മരങ്ങൾ നാശോന്മുഖമായതുകൊണ്ടുള്ള പ്രത്യാഘാതങ്ങൾ, ഊത്തയിളക്കത്തിൽ സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ, തുടങ്ങിയവ.

ഉപവിഭാഗം 2.3. : മത്സ്യബന്ധിത ആവാസ വ്യവസ്ഥ

2.3.1. ജൈവവൈവിധ്യ ഉദ്യാനങ്ങൾ (വിദ്യാലയങ്ങൾ/ സ്ഥാപനങ്ങൾ/ പൊതുസ്ഥലങ്ങൾ), ഔഷധസസ്യ ഉദ്യാനങ്ങൾ, ശലഭോദ്യാനങ്ങൾ, നക്ഷത്രവനങ്ങൾ, തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തുക.

2.3.2. കൃഷി/മൃഗസംരക്ഷണം/ഫിഷറീസ് ഫാമുകൾ ഉൾപ്പെടുത്തണം.

2.3.3. തേയില, കാപ്പി, കുരുമുളക്, ഏലം, റബ്ബർ, മുതലായവ.

2.3.4. പാറമടകൾ, വൻ തോതിൽ തണ്ണീർത്തടങ്ങൾ, കണ്ടൽ, കുന്നുകൾ എന്നിവ നികത്തി നിർമ്മിച്ച അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

ഉപവിഭാഗം 2.4. : തനത് കാർഷിക ആവാസ വ്യവസ്ഥ

2.4.6. 2.4.1. മുതൽ 2.4.5 വരെ പ്രതിപാദിച്ചിട്ടുള്ളവയിൽ ഉൾപ്പെടാത്ത ഏതെങ്കിലും തനത് കാർഷിക ആവാസവ്യവസ്ഥകളോ സംയോജിത കൃഷിരീതികളോ പ്രാദേശികമായിട്ടുണ്ടെങ്കിൽ 2.4.6 ൽ ഉൾപ്പെടുത്തേണ്ടതാണ്.

ഭാഗം 3 : ജൈവ വൈവിധ്യത്തിലുണ്ടായ ആഘാതം

- നാശോന്മുഖമായിട്ടുള്ള സസ്യ-ജന്തുജാലങ്ങളിൽ നിന്നും RET വിഭാഗത്തിൽപ്പെട്ടവ, അധിനിവേശ സസ്യങ്ങൾ, സൂചക സസ്യങ്ങൾ, തനതിനങ്ങൾ എന്നിവയുടെ ചെക്ക്ലിസ്റ്റ് ഫീൽഡുതലത്തിൽ തയ്യാറാക്കേണ്ടതും, ജില്ലാതല വിദഗ്ദരുടെ സഹായത്തോടെ വേർതിരിക്കേണ്ടതുമാണ്.

- അധിനിവേശ സസ്യങ്ങളുടെയും ജന്തുക്കളുടെയും വിവരങ്ങൾ യഥാക്രമം 3.1, 3.2 ൽ ഉൾപ്പെടുത്തേണ്ടതാണ്.
  ഉദാ: കബംബ, കുളവാഴ, ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി, തുടങ്ങിയവ.

- കോളം 4 ൽ ഈ കാലയളവിലുണ്ടായിട്ടുള്ള ഉപജീവന മാർഗ്ഗത്തിനായി ഉപയോഗിക്കുന്ന ജൈവവിഭവങ്ങൾക്കുണ്ടായിട്ടുള്ള ശോഷണം വിശദമാക്കുക.
  ഉദാ: ഔഷധ സസ്യങ്ങൾ, മുള, ഈറ, തഴ തുടങ്ങിയവ. ജൈവവിഭവം ശേഖരിക്കുന്നവർ/ അങ്ങാടിക്കടകൾ/പ്രദേശവാസികൾ എന്നിവിടങ്ങളിൽ നിന്നും പ്രസ്തുത വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.
  ഈ കാലയളവിലുണ്ടായിട്ടുള്ള മത്സ്യങ്ങളുടെ ലഭ്യത, മത്സ്യയിനങ്ങളുടെ ഏറ്റക്കുറച്ചിൽ, മത്സ്യക്കുഞ്ഞുങ്ങൾ, മത്സ്യബന്ധനത്തിലൂടെ ലഭ്യമാകുന്ന ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യേതര യിനങ്ങൾ (by catch) തുടങ്ങിയവ സംബന്ധിക്കുന്ന വിവരങ്ങൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിക്കേണ്ടതാണ്.

- കോളം 5 ൽ ഏതുതരം ശോഷണമാണ് ഉണ്ടായതെന്ന് വ്യക്തമാക്കുക.
  ഉദാ: വേരുകൾക്ക് നാശം സംഭവിക്കുക, ഉഭയജീവികളുടെ മുട്ടകളും ലാർവകളും നശിക്കുക, പക്ഷികളുടെ കൂടും മുട്ടയും നശിക്കുക, പാമ്പുകളുടെ നാശം (കൊന്നതുൾപ്പെടെ), സസ്യങ്ങൾ, വിളകൾ എന്നിവയുടെ പൂവിടൽ, കായ്/വിത്തുണ്ടാകൽ എന്നിവയിൽ വന്നിട്ടുള്ള മാറ്റം വ്യക്തമാക്കുക.

- കോളം 6 ൽ നാശനഷ്ടത്തിന്റെ തോത് കൂടുതൽ/കുറവ്/നേരിയ തോതിൽ എന്ന തോതിൽ രേഖപ്പെടുത്തുക. നാശനഷ്ടത്തിന്റെ തോത് 0-25 ശതമാനമാണെങ്കിൽ നേരിയ തോതിൽ എന്നും, 26-50 ശതമാനമാണെങ്കിൽ കുറവ് എന്നും, 51 ശതമാനത്തിനു മുകളിലാണെങ്കിൽ കൂടുതലെന്നും രേഖപ്പെടുത്താവുന്നതാണ്. തോത് കണക്കാക്കുമ്പോൾ പ്രാദേശികാടിസ്ഥാനത്തിൽ കണക്കാക്കിയാൽ മതിയാകും.

- കോളം 8 ൽ പ്രദേശത്ത് സാധാരണയായി കണ്ടുവരാത്ത പക്ഷികൾ, പാമ്പുകൾ, ഷഡ്പദങ്ങൾ, മത്സ്യങ്ങൾ, തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

ഉപവിഭാഗം 3.1.

- എല്ലാ സസ്യ-ജന്തുവിഭാഗങ്ങളുടെയും ശാസ്ത്രീയ നാമം ജില്ലാതല വിദഗ്ദരുടെ സഹായത്തോടെ ഉൾപ്പെടുത്തേണ്ടതാണ്.

1.1. എല്ലാ സസ്യവിഭാഗത്തിലും ഉൾപ്പെടുന്ന തടിവൃക്ഷങ്ങൾ, ആഹാര സസ്യങ്ങൾ, തടിയേതര വനവിഭവങ്ങൾ, ഔഷധ സസ്യങ്ങൾ, തദ്ദേശീയ ഇനങ്ങൾ, അധിനിവേശ സസ്യങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

3.1.4. കടപുഴകിയ വൻമരങ്ങൾ, വെള്ളത്തിലൂടെ ഒഴുകിവന്ന മരങ്ങൾ എന്നിവയുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തണം.

3.1.8. പ്രാദേശികമായിട്ട് വളരെ പ്രാധാന്യത്തോടെ സംരക്ഷിച്ചിരുന്നതോ/സ്വാഭാവിക ആവാസവ്യവസ്ഥയിൽ കാണപ്പെട്ടിരുന്നതോ ആയ വൃക്ഷങ്ങൾ.
  ഉദാ: മുത്തശ്ശി പ്ലാവ്, അരയാൽ, പേരാൽ, ഇലഞ്ഞി, തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

ഉപവിഭാഗം 3.2.

1.2 ജലത്തിലെയും കരയിലെയും ജീവികളെ പരിഗണിക്കേണ്ടതാണ്.

3.2.1. ക്രമാതീതമായി ചത്തൊടുങ്ങുന്ന മണ്ണിലെ ജീവജാലങ്ങളെക്കുറിച്ച് വിശദമാക്കുക.
ഉദാ: മണ്ണിര, ഉറുമ്പ്, തുടങ്ങിയവ.

3.2.2. ഷഡ്പദങ്ങളിൽ പരാഗണം നടത്തുന്നവയുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ഷഡ്പദങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായിട്ടുള്ള കുറവോ വർദ്ധനവോ ഉ യിട്ടുണ്ടെങ്കിൽ അക്കാര്യം പ്രത്യേകം ഉൾപ്പെടുത്തേണ്ടതാണ്.

3.2.3. നത്ത, ചിപ്പി, ഞണ്ട്, കക്ക തുടങ്ങിയ ജീവജാലങ്ങളെക്കുറിച്ച് വിശദമാക്കുക.

3.2.8. ദുരന്തം മൂലം നാശോന്മുഖമായിട്ടുള്ള സസ്തനികളിൽ പ്രധാനമായും ഏതൊക്കെ തരം എലികളാണെന്നുള്ളത് പ്രത്യേകം വ്യക്തമാക്കേണ്ടതാണ്.
ഉദാ: ചുണ്ടെലി, നച്ചെലി, പെരുച്ചാഴി, തുടങ്ങിയവ.

3.2.9. പ്രാദേശികമായിട്ട് വളരെ പ്രാധാന്യത്തോടെ സംരക്ഷിച്ചിരുന്നതോ/സ്വാഭാവിക ആവാസവ്യ വസ്ഥയിൽ കാണപ്പെട്ടിരുന്നതോ ആയ ജീവികൾ.
ഉദാ:പക്ഷികൾ, മത്സ്യങ്ങൾ, വവ്വാലുകൾ, കുരങ്ങുകൾ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

ഉപവിഭാഗം 3.3.

3.3.1. തനതിനങ്ങളല്ലാത്ത എല്ലാത്തരം കാർഷിക വിളകളും (High YieldVarieties) ഉൾപ്പെടുത്തേ ണ്ടതാണ്. പ്രസ്തുത വിവരം കൃഷി വകുപ്പിൽ നിന്നും പ്രദേശവാസികളിൽ നിന്നും ലഭ്യമാ കുന്നതാണ്.

3.3.2. തനത് കാർഷിക വിളകൾ, ഭൗമസൂചിക പട്ടികയിലുൾപ്പെട്ടതും, പി.പി.വി.ആർ.എഫ്. രജി സ്ട്രേഷൻ (അനുബന്ധം 8 കാണുക) നടത്തിയിട്ടുള്ളതുമായ വിളയിനങ്ങൾ ഉൾപ്പെടുത്തു ക. പ്രസ്തുത വിവരങ്ങൾ പരമ്പരാഗത കർഷകർ/തനതിനങ്ങളുടെ സംരക്ഷകരിൽ നിന്നും ശേഖരിക്കാവുന്നതാണ്.

ഉപവിഭാഗം 3.4.

3.4 ലെ വിവരങ്ങൾ മൃഗസംരക്ഷണം, ഫിഷറീസ് വകുപ്പുകളിൽ നിന്നും ശേഖരിക്കേണ്ടതാണ്. അധിക വിവരങ്ങൾ പ്രദേശവാസികളിൽ നിന്നും ലഭ്യമാകുന്നതാണ്.

- വെച്ചൂർ, കാസർഗോഡ് കുള്ളൻ, മലബാറി ആട്, അട്ടപ്പാടി ആട് തുടങ്ങിയ ഇനങ്ങളെക്കുറി ച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തുക.

- കുട്ടനാടൻ താറാവ്, തലശ്ശേരി കോഴി, തുടങ്ങിയ ഇനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടു ത്തുക.

ഭാഗം 4:

4.1. മണ്ണിന്റെ നിറത്തിൽ ഉണ്ടായിട്ടുള്ള മാറ്റം, സ്വാഭാവികമായിട്ടുള്ള ഘടനയിൽ ഉണ്ടായിട്ടുള്ള മാറ്റം (ഉദാ: കളിമണ്ണ്, മണൽ, ചരൽ തുടങ്ങിയവ), മണ്ണിന്റെ നീർവാഴ്ചയിലുണ്ടായിട്ടുള്ള മാറ്റം എന്നിവ വ്യക്തമാക്കുക.

4.2. നെൽപ്പാടങ്ങൾ, കരപ്രദേശം, ജലാശയം, പുഴയോരം എന്നിവിടങ്ങളിൽ മണ്ണിലുാകുന്ന പ്രതിഭാസങ്ങൾ വെവ്വേറെ ഉൾപ്പെടുത്തേണ്ടതാണ്.

2.1.1., 2.1.2., 2.1.3. ൽ ഉൾപ്പെടുത്തിയിട്ടുള്ള ജലാശയങ്ങളെല്ലാം പരിഗണിക്കേണ്ടതാണ് ഓരോ പ്രതിഭാസങ്ങളും ഉണ്ടായിട്ടുങ്കിൽ അതിന്റെ തോതും വ്യപ്തിയും വ്യക്തമാക്കേണ്ടതാണ്. സാന്റ് പൈപ്പിംഗിൽ എണ്ണവും വ്യാപ്തിയും വ്യക്തമാക്കേണ്ടതാണ്. മണൽത്തിട്ട, എക്കല ടിയൽ, മണ്ണൊലിപ്പ് എന്നിവയുടെ വ്യാപ്തിയും ആഴവും വ്യക്തമാക്കുക. മേൽപ്പറഞ്ഞ പ്രതിഭാസങ്ങൾ നടന്നിട്ടുള്ള പ്രദേശങ്ങൾ ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് രേഖപ്പെടു ത്തേണ്ടതാണ്.

1-4 വരെയുള്ളതിൽ ഉൾപ്പെടാത്ത മറ്റെന്തെങ്കിലും പ്രതിഭാസങ്ങൾ ഉായിട്ടുണ്ടെങ്കിൽ അവ മറ്റുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

4.3. ഏതുതരം മലിനീകരണം എന്നതിൽ പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ, തുടങ്ങിയവ ഗാർഹിക ഖരമാലിന്യ വിഭാഗത്തിലും, സ്വീവേജ്, തുടങ്ങിയ മാലിന്യങ്ങൾ ഗാർഹിക ദ്രവമാ ലിന്യത്തിലും, രാസവസ്തുക്കൾ, കീടനാശിനികൾ തുടങ്ങിയവ വ്യാവസായിക മാലിന്യ ത്തിലും ഉൾപ്പെടുത്തണം. മലിനീകരണ സംബന്ധമായ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലും ശുചിത്വ മിഷൻ കോർഡിനേറ്ററുടെ പക്കൽ നിന്നും ലഭ്യമാകുന്നതാണ്.

ആവാസവ്യവസ്ഥ/ജൈവവൈവിധ്യത്തിനുണ്ടായിട്ടുള്ള മാറ്റത്തിൽ കാർഷിക വിളകളുടെ നാശം, മത്സ്യങ്ങൾ കൂട്ടമായി ചത്തുപൊങ്ങുന്നത്, കൽപ്രദേശത്തെ എത്രമാത്രം/ഏതുതര ത്തിൽ ബാധിച്ചു, തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേതാണ്.

ഭാഗം 5:

ഉപവിഭാഗം 5.1.

5.1. പ്രകൃതിദുരന്തത്തെ അതിജീവിച്ച ആവാസവ്യവസ്ഥകളെയും ജീവജാലങ്ങളെയും കുറി ച്ചുള്ള വിവരങ്ങളാണ് ഈ ഭാഗത്തിലുൾപ്പെടുത്തേണ്ടത്. പ്രകൃതിദുരന്തം നേരിട്ട ആവാസ വ്യവസ്ഥകൾ/ജീവജാലങ്ങൾ എന്നിവയിൽ നിന്നും അതിജീവനം നടത്തിയവയുടെ വിവര ങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.

5.1.3. പ്രളയത്തെ അതിജീവിച്ച ജന്തുവിഭാഗങ്ങളിൽ ഏതൊക്കെ തരം എലികളാണെന്നുള്ളത് പ്രത്യേകിച്ചും രേഖപ്പെടുത്തേതാണ്. ഉദാ: ചുണ്ടെലി, നച്ചെലി, പെരുച്ചാഴി, തുടങ്ങിയവ.

5.1.4. ദുരന്തമേഖലയിൽ ദുരന്തത്തെ അതിജീവിച്ചിട്ടുള്ളതായ തനതിനങ്ങളായിട്ടുള്ളതും അല്ലാത്ത വയുമായിട്ടുള്ള വിളകളാണ് ഇതിലുൾപ്പെടുത്തേണ്ടത്.

5.1.5. ആദിവാസികൾ കൃഷിചെയ്യുന്നതും വന്യമായിട്ടുള്ളതും 5.1.4 ൽ ഉൾപ്പെടുത്താത്തവയുമാ യിട്ടുള്ള വിവരങ്ങളാണ് ചേർക്കേണ്ടത്.

5.1.6. ദുരന്തമേഖലയിൽ ദുരന്തത്തെ അതിജീവിച്ചിട്ടുള്ളതായ കന്നുകാലിയിനങ്ങൾ, പക്ഷികൾ, ആടിനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

5.1.6. ദുരന്തമേഖലയിൽ ദുരന്തത്തെ അതിജീവിച്ചിട്ടുള്ളതായ പക്ഷികളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

ഉപവിഭാഗം 5.2.

5.2. പ്രകൃതിദുരന്തത്തെ തുടർന്ന് ആവാസവ്യവസ്ഥയിലും ജൈവവൈവിധ്യത്തിലും അനുകൂല മായി സംഭവിച്ചിട്ടുള്ള മാറ്റങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഉദാ: തരിശായിരുന്ന ഭൂമിയിൽ സസ്യങ്ങളുടെ പുനരുൽപ്പാദനം, ഫലഭൂയിഷ്ഠമായ മണ്ണിന്റെ നിക്ഷേപം, മത്സ്യപ്രജനനത്തിനു ള്ള പാത, അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യപ്പെട്ടത്, പുതിയ ദേശാടനപക്ഷികളെ കണ്ടെത്തിയത്, ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടത്, തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്. വിശദവിവരങ്ങൾ പ്രത്യേകം എഴുതിതയ്യാറാക്കി ഫോട്ടെയെടുത്ത് ODK യിൽ അറ്റാച്ച് ചെയ്യാവു ന്നതാണ്.

ഭാഗം 6:

- ഭാഗം 6 ലെ വിവരങ്ങൾ സമൂഹത്തിന്റെ കാഴ്ചപ്പാടിനെ ആസ്പദമാക്കിയാവണം ശേഖരി ക്കേണ്ടത്. പ്രസ്തുത വിവരങ്ങൾ മുതിർന്ന വ്യക്തികൾ, പരമ്പരാഗത അറിവുടമകൾ, പര മ്പരാഗത മത്സ്യബന്ധന തൊഴിലാളികൾ, കർഷകർ, ആദിവാസികൾ എന്നിവരിൽ നിന്നും ശേഖരിക്കേണ്ടതാണ്.

- ഭാഗം 6 ലെ വിവരങ്ങൾ വിശദീകരണ കുറിപ്പായി നൽകേണ്ടതാണ്.

1.1. 1.2.1. ലെ ലിസ്റ്റ് പ്രകാരമുള്ള ദുരന്തങ്ങളെ ആസ്പദമാക്കിയുള്ള മുൻകാല അറിവ് ഉൾപ്പെടു ത്തേണ്ടതാണ്. ദുരന്തമുണ്ടായ വർഷം, തോത്, പ്രസ്തുത ദുരന്തം നേരിട്ടനുഭവിച്ചതാണോ, കേട്ടറിഞ്ഞതാണോ, അക്കാലത്ത് സ്വീകരിച്ച മുൻകരുതലുകൾ എന്തൊക്കെ തുടങ്ങിയ വിവ രങ്ങൾ വിശദമായി ഉൾപ്പെടുത്തേണ്ടതാണ്.

1.2. ഓരോ മേഖലയിലും മുതിർന്ന വ്യക്തികളുടെ അറിവുകൾ ഉൾപ്പെടുത്തേണ്ടതാണ്. ഉദാ: കടലിലുണ്ടാകുന്ന മാറ്റങ്ങൾ, മത്സ്യങ്ങളുടെ ലഭ്യത, പക്ഷികളുടെ/ മൃഗങ്ങളുടെ ശബ്ദം, സസ്യങ്ങളുടെ പൂവിടൽ/കായുാകുന്നതിലെ വ്യതിയാനങ്ങൾ, അധിനിവേശ സസ്യങ്ങളുടെ ഏറ്റക്കുറച്ചിൽ തുടങ്ങിയവ.

അനുബന്ധങ്ങൾ

അനുബന്ധം 1

പഠന പ്രദേശങ്ങൾ

ക്രമ. നം.	ത.സ്വ.ഭ.സ്ഥാപനത്തിന്റെ പേര്	ക്രമ. നം.	ത.സ്വ.ഭ.സ്ഥാപനത്തിന്റെ പേര്	ക്രമ. നം.	ത.സ്വ.ഭ.സ്ഥാപനത്തിന്റെ പേര്
തിരുവനന്തപുരം		13	വീയപുരം	17	കാമാക്ഷി
1	കള്ളിക്കാട്	14	പുലിയൂർ	18	കാഞ്ചിയാർ
2	ആര്യനാട്	15	തിരുവൻവൂർ	**എറണാകുളം**	
3	കല്ലിയൂർ	16	മാന്നാർ	1	ചേരാനല്ലൂർ
കൊല്ലം		17	പാനാട്	2	കടമക്കുടി
1	മൺറോതുരുത്ത്	18	ചെറിയനാട്	3	ആലങ്ങാട്
2	വെസ്റ്റ് കല്ലട	19	അമ്പലപ്പുഴ നോർത്ത്	4	ചേന്ദമംഗലം
3	ഈസ്റ്റ് കല്ലട	20	അമ്പലപ്പുഴ സൗത്ത്	5	ചിറ്റാറ്റുകര
4	തൊടിയൂർ	21	മുഹമ്മ	6	കടുങ്ങല്ലൂർ
5	ആദിച്ചനല്ലൂർ	22	കരുവാറ്റ	7	കരുമാല്ലൂർ
പത്തനംതിട്ട		23	ബുധനൂർ	8	വടക്കേക്കര
1	കൂറ്റൂർ	24	ചെന്നിത്തല-തൃപ്പെരുന്തുറ	9	ചേങ്ങമനാട്
2	നിരണം	25	തണ്ണീർമുക്കം	10	കാലടി
3	നെടുമ്പ്രം	26	ചെങ്ങന്നൂർ മുൻസിപ്പാലിറ്റി	11	കുന്നുകര
4	പെരിങ്ങര	**കോട്ടയം**		12	മലയാറ്റൂർ- നീലേശ്വരം
5	ഇരവിപേരൂർ	1	തിരുവാർപ്പ്	13	നെടുമ്പാശ്ശേരി
6	അയിരൂർ	2	കുമരകം	14	പാറക്കടവ്
7	കോയിപ്രം	3	ടി.വി.പുരം	15	പുത്തൻവേലിക്കര
8	തോട്ടപ്പുഴശ്ശേരി	4	ഉദയനാപുരം	16	കുട്ടമ്പുഴ
9	ചെറുകോൽ	5	മറവൻതുരുത്ത്	17	കൂവപ്പടി
10	റാന്നി	6	വെള്ളൂർ	18	ഒക്കൽ
11	റാന്നി-അങ്ങാടി	7	മൂളക്കുളം	19	ചൂർണ്ണിക്കര
12	റാന്നി-പഴവങ്ങാടി	8	കല്ലറ	20	കീഴ്മാട്
13	റാന്നി-പെരിനാട്	9	ആർപ്പൂക്കര	21	രാമമംഗലം
14	കോഴഞ്ചേരി	10	കൂട്ടിക്കൽ	22	ശ്രീമൂലനഗരം
15	ആറന്മുള	11	വാഴപ്പള്ളി	23	കഞ്ഞൂർ
16	കടപ്ര	12	പായിപ്പാട്	24	ആലുവ മുൻസിപ്പാലിറ്റി
17	കുളനട	**ഇടുക്കി**			
18	മല്ലപ്പുഴശ്ശേരി	1	അടിമാലി		
19	തിരുവല്ല മുൻസിപ്പാലിറ്റി	2	ബൈസൺവാലി		
20	പന്തളം മുൻസിപ്പാലിറ്റി	3	ഇരട്ടയാർ		
ആലപ്പുഴ		4	കൊന്നത്തടി		
1	എടത്വ	5	മാങ്കുളം		
2	പുളിങ്കുന്ന്	6	മരിയാപുരം		
3	ചമ്പക്കുളം	7	മൂന്നാർ		
4	തലവടി	8	നെടുങ്കം		
5	നീലംപേരൂർ	9	പള്ളിവാസൽ		
6	വെളിയനാട്	10	രാജാക്കാട്		
7	കൈനകരി	11	രാജകുമാരി		
8	രാമങ്കരി	12	ശാന്തമ്പാറ		
9	മുട്ടാർ	13	ഉടുമ്പൻചോല		
10	കാവാലം	14	വാഴത്തോപ്പ്		
11	നെടുമുടി	15	വെള്ളത്തൂവൽ		
12	തകഴി	16	ഇടുക്കി-കഞ്ഞിക്കുഴി		

ക്രമ. നം.	ത.സ്വ.ഭ.സ്ഥാപനത്തിന്റെ പേര്	ക്രമ. നം.	ത.സ്വ.ഭ.സ്ഥാപനത്തിന്റെ പേര്	ക്രമ. നം.	ത.സ്വ.ഭ.സ്ഥാപനത്തിന്റെ പേര്
തൃശ്ശൂർ		**മലപ്പുറം**		**വയനാട്**	
1	അന്നമനട	1	കരുവാരക്കു്	1	വൈത്തിരി
2	കുഴൂർ	2	പോത്തുകല്ല്	2	പൊഴുതന
3	പറപ്പൂക്കര	3	വഴിക്കടവ്	3	കോട്ടത്തറ
4	മാള	4	ചാലിയാർ	4	വെള്ളമു
5	പൊയ്യ	5	ഊർങ്ങാട്ടിരി	5	പടിഞ്ഞാറെത്തറ
6	മണലൂർ	6	മമ്പാട്	6	ഇടവക
7	തെക്കുംക്കര	7	വാഴക്കാട്	7	തവിഞ്ഞാൽ
8	കാടുകുറ്റി	8	പുറത്തൂർ	8	പനമരം
9	ചേർപ്പ്	9	ഇരുമ്പിളിയം	9	തിരുനെല്ലി
10	ചാഴൂർ	10	കരുളായി	10	മാനന്തവാടി മുൻസിപ്പാലിറ്റി
11	വല്ലച്ചിറ	**കോഴിക്കോട്**		**കണ്ണൂർ**	
12	പടിയൂർ	1	ചക്കിട്ടപ്പാറ	1	കൊട്ടിയൂർ
13	പരിയാരം	2	കടലുി	2	അയ്യൻകുന്ന്
14	മേലൂർ	3	കാരശ്ശേരി	3	ആറളം
15	എറിയാട്	4	കട്ടിപ്പാറ	4	പായം
16	ശ്രീനാരായണപുരം	5	കവിലുംപാറ	5	ചെറുപുഴ
17	വെങ്കിടങ്ങ്	6	കൊടിയത്തൂർ	6	പയ്യാവൂർ
18	ദേശമംഗലം	7	കൂടരഞ്ഞി	7	ആലക്കോട്
19	ആളൂർ	8	ഒളവണ്ണ	8	ഉളിക്കൽ
20	എടത്തിരുത്തി	9	ഓമശ്ശേരി	9	പടിയൂർ
പാലക്കാട്		10	പുതുപ്പാടി	10	ചെങ്ങളായി
1	നെല്ലിയാമ്പതി	11	വാണിമൽ	11	കേളകം
2	നെന്മാറ	12	കൊറ്റൂർ	12	നടുവിൽ
3	കിഴക്കാഞ്ചേരി				
4	പാലക്കാട് മുൻസിപ്പാലിറ്റി				
5	മണ്ണാർക്കാട് മുൻസിപ്പാലിറ്റി				
6	ശ്രീകൃഷ്ണപുരം				
7	കടമ്പാഴിപുരം				
8	മലമ്പുഴ				
9	വടക്കുഞ്ചേരി				
10	അയിലൂർ				
11	തിരുവേഗപ്പുര				
12	വടകരപതി				

ആകെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം - 184

അനുബന്ധം **2.1**

ഫീൽഡ്തല വിവരശേഖരണം - കർമ്മപരിപാടി

തീയതി	ടീം		സന്ദർശിക്കുന്ന വാർഡുകൾ/ പ്രദേശങ്ങൾ	വിവരദാതാവ് (പേര്)	സന്ദർശിക്കുന്ന സ്ഥാപനങ്ങൾ
	നമ്പർ	പേര്			

അനുബന്ധം **2.2**

വിവരശേഖരണ സംഘത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ
(ബി.എം.സി. തലത്തിൽ)

ക്രമ നം.	അംഗങ്ങളുടെ പേര്, വിലാസം, ഫോൺ നം., ഇ-മെയിൽ	വിവരശേഖരണത്തിൽ പങ്കെടുത്ത തീയതി	ഒപ്പ്

റിപ്പോർട്ടിനുള്ള ഘടന

ഭാഗം 1 : അടിസ്ഥാന വിവരങ്ങൾ

1.1. പ്രദേശം

1.2. ദുരന്ത സ്വഭാവം

1.3. പൈതൃക നഷ്ടം

ഭാഗം 2 : ആവാസ വ്യവസ്ഥ വൈവിധ്യത്തിലുണ്ടായിട്ടുള്ള ആഘാതം

2.1. ജല ആവാസവ്യവസ്ഥ

2.2. കര ആവാസവ്യവസ്ഥ

2.3. മനുഷ്യനിർമ്മിത ആവാസവ്യവസ്ഥ

2.4. തനത് കാർഷിക ആവാസവ്യവസ്ഥട

ഭാഗം 3 : ജൈവ വൈവിധ്യത്തിലുണ്ടായ ആഘാതം

3.1. സസ്യങ്ങൾ

3.2. ജന്തുക്കൾ

3.3. വളർത്തു സസ്യങ്ങൾ

3.4. വളർത്തു ജന്തുക്കൾ

ഭാഗം 4: പാരിസ്ഥിതിക ആഘാതങ്ങൾ

4.1. മണ്ണിന്റെ സ്വഭാവം

4.2. മണ്ണിലുണ്ടാകുന്ന പ്രതിഭാസങ്ങൾ

4.3. മലിനീകരണത്തിന്റെ തോതും വ്യാപ്തിയും

ഭാഗം 5: ജൈവവൈവിധ്യ അതിജീവനം/അനുകൂല ഫലങ്ങൾ

5.1.1 അതിജീവനം

5.1.2. അനുകൂല ഫലങ്ങൾ

ഭാഗം 6: പരമ്പരാഗത അറിവ്

6.1. മുൻകാല പ്രകൃതി ദുരന്തങ്ങൾ

6.2. പരമ്പരാഗത അറിവ്/നാട്ടറിവ്

അനുബന്ധം 4

ബി.എം.സി.- പ്രാദേശികതല കർമ്മപദ്ധതി

1	പ്രകൃതിദുരന്തം കൂടുതൽ ആഘാതമുണ്ടാക്കിയ പ്രാദേശിക ആവാസവ്യവസ്ഥകൾ (1)	ആഘാതമുകാനുള്ള കാരണങ്ങൾ (2)	പരിഹാരമാർഗ്ഗങ്ങൾ (3)
	1		
	2		
	3		
2	പ്രകൃതിദുരന്തം കൂടുതൽ ആഘാതമുക്കിയ പ്രാദേശിക സസ്യ-ജന്തുജാലങ്ങൾ	ആഘാതമുണ്ടാകാനുള്ള കാരണങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
	1		
	2		
	3		

ബി.എം.സി. സെക്രട്ടറിയുടെ പേരും ഒപ്പും:

ബി.എം.സി. ചെയർപേഴ്സന്റെ പേരും ഒപ്പും:

സീൽ

കുറിപ്പ്:

1. പഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ആഘാതമുണ്ടായ മൂന്ന് ജൈവ-ആവാസവ്യവസ്ഥകളെ തിരിച്ചറിഞ്ഞ് മുൻഗണനാക്രമത്തിൽ കോളം 1 ൽ രേഖപ്പെടുത്തേണ്ടതാണ്.

2. പ്രസ്തുത ജൈവ-ആവാസവ്യവസ്ഥകൾക്ക് ആഘാതത്തിന്റെ ആക്കം കൂടാനുണ്ടായ മനുഷ്യന്റെ ഇടപെടൽ മൂലമുള്ള കാരണങ്ങളാണ് കോളം 2 ൽ ഉൾപ്പെടുത്തേണ്ടത്. ഉദാ: തണ്ണീർത്തടം നികത്തൽ, മണലൂറ്റ്, പാറമടകൾ, കുന്നിൻ ചെരിവുകളിലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ, തുടങ്ങിയവ.

3. പരിഹാരമാർഗ്ഗങ്ങൾ കർമ്മപദ്ധതിയായി കോളം 3 ൽ ഉൾപ്പെടുത്തേണ്ടതാണ്. അതിനു വേണ്ട സാങ്കേതിക സഹായം ബി.എം.സി. കൾ ഫീൽഡുതല/ജില്ലാതല വിദഗ്ദ സംഘത്തിൽ നിന്നും ആരായാവുന്നതാണ്. ഉദാ: പാരിസ്ഥിതിക പുനരുദ്ധാരണ പ്രവർത്തനങ്ങൾ, മണലൂറ്റ് നിയന്ത്രണം, അനധികൃത പാറമടകളുടെ പ്രവർത്തനം കർശനമായി തടയുക, മരങ്ങൾ വച്ചുപിടിപ്പിക്കൽ, തുടങ്ങിയവ.

അനുബന്ധം 5

ബി.എം.സി.തല ദൈനംദിന റിപ്പോർട്ട്

ജില്ലയുടെ പേര്:
വിവരശേഖരണ കാലയളവ്:
തീയതി:

നം	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	പങ്കെടുത്ത ബി.എം.സി. അംഗങ്ങൾ	ഫീൽഡുതല വിദഗ്ദർ	വോളന്റിയർമാർ	പ്രോജക്ട് ഫെല്ലോ ഇൻ ചാർജ്ജ്	പഠന രീതികൾ*	അറിവുടമകളുമായി നടത്തിയ അഭിമുഖങ്ങൾ	സുപ്രധാന കണ്ടെത്തലുകൾ

*പഠന രീതി - ബി.എം.സി. യോഗം, ഫീൽഡ് സർവ്വേ, ഫോക്കൽ ഗ്രൂപ്പ് ചർച്ച, അഭിമുഖം തുടങ്ങി ഓരോ ദിവസവും നടത്തിയ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.

ജില്ലാ കോർഡിനേറ്ററുടെ പേരും ഒപ്പും:

കുറിപ്പ്: ജില്ലയിൽ പഠനം നടക്കുന്ന ഓരോ ബി.എം.സി. യിലെയും ഓരോ ദിവസത്തെ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ ജില്ലാ കോർഡിനേറ്റർമാർ തയ്യാറാക്കി കെ.എസ്.ബി.ബി. പ്രതിനിധിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

കേരളത്തിലെ പ്രധാന നദികൾ

1	അച്ചൻകോവിൽ	23	മഞ്ചേശ്വരം
2	അഞ്ചറകി	24	മണിമല
3	അയിരൂർ	25	മോഗ്രൽ
4	ഭാരതപ്പുഴ	26	മീനച്ചിൽ
5	ചാലക്കുടി	27	മൂവാറ്റുപ്പുഴ
6	ചാലിയാർ	28	നീലേശ്വരം
7	ചന്ദ്രഗിരി	29	നെയ്യാർ
8	ചിറ്റാർ	30	പള്ളിക്കൽ
9	ഇത്തിക്കര	31	പമ്പ
10	കരിയൻങ്ങോട്	32	പെരിയാർ
11	കടലുി	33	പെരുവമ്പ
12	കല്ലട	34	പുഴക്കൽ
13	കല്ലായി	35	രാമപുരംപുഴ
14	കരമന	36	തലശ്ശേരി
15	കരുവന്നൂർ	37	തിരൂർ
16	കവ്വായി	38	വളപ്പട്ടണം
17	കീച്ചേരി	39	ഉപ്പള
18	കോരപ്പുഴ	40	ഷിരിയ
19	കുപ്പം	41	വാമനപുരം
20	കുറ്റ്യാടി	42	കബനി
21	മാഹി	43	ഭവാനി
22	മാമം	44	പാമ്പാർ

7.1 കേരളത്തിലെ പ്രധാനപ്പെട്ട തീരദേശജൈവവൈവിധ്യ മേഖല		
1	Kumbala estuary	കുംബള എസ്റ്റ്യൂരി
2	Mongrol	മൺഗ്രോൾ
3	Kasargod/ Chandragiri	കാസർകോട് / ചന്ദ്രഗിരി
4	Edayilakadu	ഇടയിലകാട്
5	Azhikkal	അഴിക്കൽ
6	Kadakavu/ Dharmadom	കടകകാവ് / ധർമടം
7	Kolavipalem	കൊളാവിപാലം
8	Beypore	ബേപ്പൂർ
9	Kadalundi	കടലുണ്ടി
10	Edakazhiyur beach	എടക്കഴിയൂർ ബീച്ച്
11	Kole wetlands	കോൾതണ്ണീർത്തടങ്ങൾ
12	Vypin-Fort Kochi	വൈപിൻ-ഫോർട്ട്കൊച്ചി
13	Kumbalanghi	കുമ്പളങ്ങി
14	Vembanad/kumarakom	വേമ്പനാട് / കുമരകം
15	Kayamkulam/ayiram	കായംകുളം / അയിരാം
16	Ashtamudi	അഷ്ടമുടി
17	Paravurkayal	പറവൂർകായൽ
18	Kadinamkulam	കടിനംകുളം

7.2 കേരളത്തിലെ പ്രധാന പക്ഷിമേഖല (സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ളവ)		
1	Amarambalam - Nilambur	അമരമ്പലം നിലമ്പൂർ
2	Kattampally	കട്ടമ്പള്ളി
3	Kole	കോൾ
4	Konni	കോന്നി
5	Kottiyoor	കൊട്ടിയൂർ
6	Kulathupuzha	കുളത്തൂപ്പുഴ
7	Nelliyampathy	നെല്ലിയാമ്പതി
8	Ranni	റാന്നി
9	Vazhachal – Forest Division	വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ
10	Vembanad Lake	വേമ്പനാട്തടാകം

7.3 Wetlands under National wetland conservation programme
അഷ്ടമുടി
ശാസ്താംകോട്ട
കൊട്ടുളി
കടലുണ്ടി
വേമ്പനാട്കോൾ

8.1 ഭൗമസൂചിക പട്ടികയിൽ ഇടം നേടിയിട്ടുള്ള വിഭവങ്ങൾ

1	മദ്ദളം, പാലക്കാട്	12	കണ്ണൂർ ഹോം ഫർണിഷിംഗ്
2	ആറന്മുള കണ്ണാടി	13	ബാലരാമപുരം സാരിയും പരുത്തിത്തുണിത്തരങ്ങളും
3	ആലപ്പുഴ കയർ	14	കാസർകോട് സാരികൾ
4	നവര അരി	15	കുട്ടാമ്പുള്ളി സാരികൾ
5	പാലക്കാടൻ മട്ട അരി	16	സെൻട്രൽ ട്രാവൻകൂർ ശർക്കര
6	മലബാർ കുരുമുളക്	17	വയനാട് ജിരകശാല അരി
7	സുഗന്ധവ്യഞ്ജനങ്ങൾ ആലപ്പുഴ ഗ്രീൻ ഏലം	18	വയനാട് ഗന്ധകശാല അരി
8	തഴകൊണ്ടുള്ള കരകൗശല വസ്തുക്കൾ	19	പയ്യന്നൂർ പവിത്ര മോതിരം
9	ചിരട്ടയിൽ പിച്ചള ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ	20	ചേന്ദമംഗലം മുും സെറ്റ്മുും
10	പൊക്കാളി അരി	21	കൈപ്പാട് അരി
11	വാഴക്കുളം പൈനാപ്പിൾ	22	ചങ്ങാലിക്കോടൻ നേന്ത്രൻ വാഴ, തൃശ്ശൂർ

8.2 പി.പി.വി.ആർ.എഫ്. രജിസ്ട്രേഷൻ നേടിയിട്ടുള്ള വിളകൾ

1	വെളിയൻ	9	ഓണവട്ടൻ
2	തൊണ്ടി	10	കുറുമുട്ടൻ
3	ചെന്നെല്ല്	11	കുഞ്ഞൂറ്റിമട്ട
4	ചോമാല	12	മരതൊണ്ടി
5	ഗന്ധകശാല	13	ചെന്താടി
6	ജീരകശാല	14	കൊടുവെളിയൻ
7	മുള്ളൻകയമ	15	തുറുഡി
8	വലിച്ചൂരി	16	തൊണ്ണൂറാൻ തൊണ്ടി

.....



KERALA STATE BIODIVERSITY BOARD

KILA

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ